# പ. പിതാവിന് ആദരാഞ്ജലികൾ....



## പ. പിതാവെ, അങ്ങ് സമാധാനത്താലെ പോയാലും
## വിശ്വാസസംരക്ഷകന്റെ പ്രണാമം

2014
മാർച്ച് – 23

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം



ബിജോയി ഉമ്മൻ, ചാൾസ് പോൾ
ഏലിയാസ് തോമസ്, ഡോ. മനോജ് മാത്യു
പ്രകാശ് മാത്യു, ബാബു കക്കാടൻ

സെന്റ് മേരീസ് യാക്കോബായ സുറിയാനി സുനോറോ
പാത്രിയർക്കൽ കത്തീഡ്രൽ
ഷാർജ – യു.എ.ഇ.

പ പിതാവിന്റെ ഭൗതികശരീരം ജർമിനിയിലെ മോർ യാക്കോബ് ദയറായിൽ പൊതുദർശനത്തിനായി വെച്ചപ്പോൾ



കബറടക്കം 28 വെള്ളിയാഴ്ച രാവിലെ 11ന് (ഇന്ത്യൻ സമയം 3ന്) ദമാസ്കസിലെ മോർ അപ്രേം ദയറായിൽ

25ന് ചൊവ്വാഴ്ച ബെയ്റൂട്ടിലെ പാത്രിയർക്കാ അരമനയിൽ ഭൗതികശരീരം എത്തിക്കും

27ന് വ്യാഴാഴ്ച ബെയ്റൂട്ടിലെ കത്തീഡ്രലിൽ നടക്കുന്ന ശുശ്രൂഷകളിൽ വിവിധ സഭാമേലദ്ധ്യക്ഷന്മാരും രാഷ്ട്രപ്രതിനിധികളും ആദരാഞ്ജലികൾ അർപ്പിക്കും. ഉച്ചയ്ക്ക് ശേഷം റോഡ് മാർഗം ദമസ്കസിലെ മറാത്ത് സെയ്ദാന പാത്രിയർക്കാ കത്തീഡ്രലിൽ എത്തിക്കും

ആദരാഞ്ജലികൾ അർപ്പിക്കാനായി എത്തിയ ജനാവലി



# വിശുദ്ധിയുടെ നിറകുടം ഓർമ്മയായി...



- ദേഹവിയോഗം ജർമിനിയിലെ ആശുപത്രിയിൽ
- ഭൗതികശരീരം ജർമിനിയിൽ പൊതുദർശനത്തിന് വെച്ചിരിക്കുന്നു
- 25ന് ചൊവ്വാഴ്ച ബെയ്റൂട്ടിലെ പാത്രിയർക്കാ അരമനയിൽ ഭൗതികശരീരം എത്തിക്കും
- 27ന് വ്യാഴാഴ്ച ബെയ്റൂട്ടിലെ കത്തീഡ്രലിൽ നടക്കുന്ന ശുശ്രൂഷകളിൽ വിവിധ സഭാമേലദ്ധ്യക്ഷന്മാരും രാഷ്ട്രപ്രതിനിധികളും ആദരാഞ്ജലികൾ അർപ്പിക്കും. ഉച്ചയ്ക്ക് ശേഷം റോഡ് മാർഗം ദമസ്കസിലെ മറാത്ത് സെയ്ദാന പാത്രിയർക്കാ കത്തീഡ്രലിൽ എത്തിക്കും
- കബറടക്കം 28ന് ദമാസ്കസിലെ സെന്റ് അഫ്രേം ദയറായിൽ
- സുറിയാനി സഭയെ നയിച്ചത് 33 വർഷം

## ഈ വേർപാട് ഹൃദയത്തെപിളർക്കുന്നു

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയക്കീസ് ബാവയുടെ വേർപാട് മലങ്കരയിലെ യാക്കോബായ വിശ്വാസികളുടെ ഹൃദയത്തിലുണ്ടാക്കിയ വേദന വർണനാതീതമാണ്. പ. പിതാവിന്റെ വേർപാട് ഓരോ സഭാംഗത്തിന്റെയും ഭവനത്തിലുണ്ടായ വേർപാടിന് തുല്യമാണ്. അത്രയധികം ഭാരതത്തിലെ മക്കൾ ഈ പുണ്യപിതാവിനെ സ്നേഹിച്ചു. അവിടുത്തെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി.

അന്ത്യോഖ്യ മലങ്കര ബന്ധത്തിന്റെ ഏറ്റവും തീഷ്ണമായ അളവുകോലായിരുന്നു പ. പിതാവുമായിട്ടുള്ള ബന്ധം. മലങ്കരയിൽ നടത്തിയ നാല് ശ്ലൈഹികസന്ദർശനങ്ങൾ സഭാമക്കൾക്ക് ഈ പിതാവിനെ പ്രിയങ്കരനാക്കി. ബാവ തിരുമനസ്സിലെ തേജസ് വാർന്നൊഴുകുന്ന മുഖം എല്ലാവരുടെയും ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.

പ. പിതാവിന്റെ തൃക്കരം മുത്തുവാനും സാമിപ്യം അനുഭവിക്കാനും ലഭിച്ച അവസരം ഇന്നും സഭാമക്കളുടെ ഒളിമങ്ങാത്ത ഓർമയായി നിലിനിൽക്കുന്നു. യാക്കോബായ സുറിയാനി സഭയെ ഹൃദയത്തോട് ചേർത്ത് നിർത്തിയ പിതാവായിരുന്നു ബാവ തിരുമേനി. 95 ലെ സുപ്രീംകോടതി വിധിക്കുശേഷം എല്ലാം നഷ്ടപ്പെട്ടു എന്ന് ചിന്തിച്ച മലങ്കരയിലെ തന്റെ ആട്ടിൻകൂട്ടങ്ങളെ മേയ്പാൻ ശ്രേഷ്ഠ കാതോലിക്ക ബാവ എന്ന പ്രധാനാചാര്യനെ വാഴിച്ച് തന്നതു തന്നെ ആസ്നേഹത്തിന്റെ ആഴമാണ് കാണിക്കന്നത്. യാക്കോബായ സുറിയാനി സഭ നേരിട്ട എല്ലാ പ്രതിസന്ധികളിലും പ. പിതാവ് തന്റെ മക്കൾക്ക് എന്നും താങ്ങും അത്താണിയുമായിരുന്നു.

ലോകത്തിൽ എല്ലാ മതവിഭാഗങ്ങളുമായി സ്നേഹവും ഐക്യവും പ. പിതാവ് ആഗ്രഹിച്ചു. അതാണല്ലോ സുറിയാനി സഭയും കത്തോലിക്ക സഭയുമായുള്ള ദീർഘകാല അഭിപ്രായ വ്യത്യാസങ്ങൾക്ക് വിരാമം ഇടുവാൻ സാധിച്ചത്. മലങ്കര മാർത്തോമ സഭയുമായി നല്ല ബന്ധം നിലനിർത്തുവാൻ പ. പിതാവ് ആഗ്രഹിക്കുകയും അതിന് തുടക്കം കുറിക്കുകയും ചെയ്തു. ഭിന്നതകളുണ്ടായിരുന്ന ലോകത്തിലെ പുരാതീന സഭകളുമായി സൗഹൃദത്തിലാകുവാൻ പ. പിതാവിന് കഴിഞ്ഞു.

ആകമാന സുറിയാനി സഭയുടെ വളർച്ചയുടെ കാലഘട്ടമായിരുന്നു ബാവ തിരുമനസ്സിലെ ദീർഘനാൾ നീണ്ട ഭരണകാലം. വിദേശസർവ്വകലാശാലകളിൽ പഠിച്ച വൈദികർ, മെത്രാപ്പോലീത്തന്മാർ എല്ലാം സഭയുടെ വളർച്ചയുടെ മുതൽക്കൂട്ടുകളായി. ആഭ്യന്തരയുദ്ധത്തിന്റെയും വർഗീയ സംഘർഷങ്ങളുടെയും ഭാഗമായി ജന്മനാട് വിട്ട സഭാമക്കൾക്ക് പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ അഭയം തേടിയവർക്ക് പുതിയ ദൈവാലയങ്ങളും ഭദ്രാസനങ്ങളും വൈദികരും ഒക്കെ ലഭ്യമാക്കുവാൻ പ. പിതാവിന് സാധിച്ചു.

സിറിയൻ പ്രദേശത്ത് പ. സഭയ്ക്കുണ്ടായ തളർച്ചയെ അതിജീവിച്ച് പാശ്ചാത്യരാജ്യങ്ങളിൽ സഭയ്ക്ക് ഉജ്ജലമായ വളർച്ചയ്ക്ക് ബാവ നേതൃത്വം നൽകി. പടുത്തുയർത്തിയ പള്ളികളും ദയറാകളും മറ്റ് സ്ഥാപനങ്ങളും ആഭ്യന്തരയുദ്ധത്താൽ തകർന്നപ്പോഴും ദൈവത്തിലുള്ള ആശ്രയം പ. പിതാവിനെ ശക്തനാക്കി. എല്ലാം നഷ്ടപ്പെട്ടു എന്ന് തോന്നലുണ്ടായപ്പോഴും തന്റെ ഭൗതികശരീരം താൻ അദ്ധ്വാനിച്ച് ഉയർത്തിയ ദമാസ്കസിലെ ദയറായിൽ തന്നെ അടക്കം ചെയ്യണമെന്നുള്ള ഈ പ്രധാനാചാര്യന്റെ ആഗ്രഹം തന്റെ ജന്മനാടിനോടും താൻ ഉണ്ടാക്കിയ സ്ഥാപനങ്ങളോടും അവിടുത്തെ ജനങ്ങളോടുമുള്ള സ്നേഹത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ഭാരതത്തിന്റെ അപ്പോസ്തോലൻ ആയിരുന്ന വി. മാർതോമ ശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുക്കുവാനും അത് മലങ്കരയിലെ മക്കൾക്ക് നൽകുവാനും പ. പിതാവിന് സാധിച്ചത് പിതാവിന്റെ ജീവതത്തിലെ ധന്യമുഹൂർത്തമായിരുന്നു.

ലാളിത്യം സന്തോഷം ആദരം നിഷ്കളങ്കത എന്നീ ഗുണങ്ങളെല്ലാം പ. പതാവിന്റെ മുഖത്ത് വിളങ്ങിയിരുന്നു. പ്രാർത്ഥനാമനുഷ്യനായിരുന്ന ബാവ ലാളിത്യത്തിന്റെയും വിനയത്തിന്റെയും ആൾരൂപമായിരുന്നു. ഏത് അന്ധകാരത്തെയും പ്രകാശപൂരിതമാക്കുവാൻ പ. പിതാവിന് സാധിച്ചു. പ്രതിസന്ധികളിൽ തളരാതെ ദൈവത്തിൽ ആശ്രയിച്ച് നമ്മെ ഭാഗ്യമോടെ മേയിച്ച് ഭരിച്ച പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ വിശ്വാസികൾക്ക് എന്നും ദൈവസന്നിധിയിൽ മദ്ധ്യസ്ഥനായിരിക്കും.

**ബിബി എബ്രഹാം കടവുംഭാഗം**
**ചീഫ് എഡിറ്റർ**

## പ. പാത്രിയർക്കീസ് ബാവയുടെ വേർപാടിൽ ഫ്രാൻസിസ് മാർപാപ്പയുടെ അനുശോചനം



With deep sorrow I have learned of the passing of His Holiness Ignatius Zakka I Iwas, father and chief pastor of the Syrian Orthodox Church of Antioch and all the East, and I hasten to express to you, to the Bishops, clergy and lay faithful, my personal condolences and the prayerful closeness of all Catholics at this time of deeply-felt loss. The whole Christian world has lost one of its outstanding spiritual leaders, courageous and wise in leading people trough very difficult times. Following his election as Patriarch in 1980 His Holiness was an engaged witness of the successive violent conflicts that have brought untold death and suffering to the Middle East, especially to Iraq and most recently Syria. His Holiness was a man of dialogue and peace with regard to the followers of all religious traditions. In particular I give heartfelt thanks to God for his constant work to improve relations among Christians and, from the time he attended the Second Vatican Council as an observer, for his extraordinary contribution to strengthening communion between Syrian Orthodox Christians and the Catholic faithful. May the Almighty receive him into his kingdom and grant him eternal rest, and may the memory of his long and devoted service to the Church live on as a challenge and a stimulus to all.

**Kuwait St. George Universal Syrian Orthodox വലിയപള്ളിയിലേക്ക് 2012–ൽ എഴുന്നള്ളി വന്ന് ഞങ്ങളെ അനുഗ്രഹിച്ച പ. പിതാവിന് ഇടവകയുടെ കണ്ണീരിൽ കുതിർന്ന പ്രണാമം...**

# കാലാതിവർത്തിയായ യുഗപ്രഭാവൻ
# പ. സാഖാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവ



പി.കെ. പൗലോസ് കൂരൻ



ப. പാത്രിയർക്കീസ് ബാവയും ശ്രേഷ്ഠ കാതോലിക്ക ബാവയും

## വിശുദ്ധ പ്രഖ്യാപനങ്ങൾ

2000 ഏപ്രിൽ 9 ന് മലങ്കരയിലെ രണ്ടാം ശ്ലൈഹിക സന്ദർശനത്തിൽ പ. ബാവ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായെയും (വടക്കൻ പറവൂർ), സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായേയും (കുന്നംകുളം) പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. 2004 ഓഗസ്റ്റ് 19 ന് ആലുവായിലെ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയെ (ആലുവ) പരിശുദ്ധനായി പ്രഖ്യാപിച്ചു. 2008 ലെ നാലാം ശ്ലൈഹിക സന്ദർശനവേളയിൽ ഒക്ടോബർ 20 ന് യുയാക്കീം മോർ കൂറിലോസ് ബാവായേയും (മുളന്തുരുത്തി) ഒക്ടോബർ 21 ന് മോർ ബസേലിയോസ് ശക്രള്ള ബാവായേയും (കണ്ടനാട്) ഒക്ടോബർ 24 ന് പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലിത്തായേയും (പാണംപടി) പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. 2006 ഫെബ്രുവരി 7 ന് പ. അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ 2009 സെപ്റ്റംബർ 18 ന് പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടേയും 2009 നവംബർ 26 ന് പ. സ്ലീബ മോർ ഒസ്താത്തിയോസ് ബാവായുടേയും നാമങ്ങൾ പ. ബാവ അഞ്ചാം തുബ്ദേനിൽ ചേർത്ത് കല്പനയായി.

ആകമാനസുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും 122-ാമത്തെ പ. പാത്രിയർക്കീസുമാണ് മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവ. കഴിഞ്ഞ രണ്ട് നൂറ്റാണ്ടിനിടയിൽ ഏറ്റവും അധികം കാലം പ. അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയിട്ടുള്ള മൂന്നു പ. പിതാക്കന്മാരിൽ ഒരാളാണ് പ. സാഖാ പ്രഥമൻ ബാവ. പ. പിതാവിന്റെ ഭരണകാലം സുറിയാനി സഭയുടെ സുവർണ്ണകാലഘട്ടം ആയിരുന്നു. അഭൂത പൂർവ്വമായ വളർച്ചയും വികസനവുമാണ് ഈ കാലയളവിൽ സുറിയാനി സഭ കൈവരിച്ചത്. എക്യുമിനിസം ഉൾപ്പെടെ എല്ലാ രംഗങ്ങളിലും വലിയ മുന്നേറ്റമാണ് സഭ നടത്തിയത്. ഇസ്രായേൽ - ആരബ് യുദ്ധകാലത്ത് തകർന്ന പോയ പട്ടണങ്ങൾ പുനർനിർമ്മിക്കുവാൻ രൂപീകരിക്കപ്പെട്ട സമിതിക്ക് നേതൃത്വം നൽകിയ പ. പിതാവിന്റെ കർമ്മ കുശലത സർവ്വരാലും പ്രകീർത്തിക്കപ്പെടുകയുണ്ടായി. ലോക ക്രിസ്ത്യൻ കൗൺസിൽ അദ്ധ്യക്ഷപദം അലങ്കരിച്ച പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ ലോകപൗരൻ തന്നെയായിരുന്നു.

## ജനനവും ബാല്യവും

ഇറാക്കിലെ പ്രസിദ്ധമായ മൂസൽ പട്ടണത്തിൽ ഇവാസ് എന്ന ഉന്നത കുടുംബത്തിലാണ് പ. പിതാവിന്റെ ജനനം. ഇവാസ് എന്ന പദം ദിവാൻ പദവിയെ സൂചിപ്പിക്കുന്നു. തെഗ്രീസ് നദി യുടെ തീരത്ത് ജസിറയിൽ നിന്നും ആണ് ഈ കുടുംബം മൂസലിലേക്ക് കുടിയേറിയത്. വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ പൈതൃകം പേറുന്ന സ്ഥലമാണ് മൂസൽ. പാരമ്പര്യ പ്രഭു കുടുംബമായിരുന്നു ഇവാസ് കുടുംബം. ബാവയുടെ പിതാമഹൻ മൂസൽ പ്രവശ്യയിലെ പ്രസിദ്ധനായ ആർക്കിടെക്കും രാജകുടുംബത്തിന്റെ വിശ്വസ്തനുമായിരുന്നു. ഇറാക്കിലെ ഫൈസൽ ഒന്നാമൻ രാജാവ് ഇദ്ദേഹത്തിന് പൊന്നാടയും കീർത്തി പത്രവും നൽകി ആദരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകൻ ബഷീർ ഐവാസിനെ ഓട്ടോമെൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഇസ്താംബുളിൽ അയച്ചാണ് വിദ്യാഭ്യാസം ചെയ്യിപ്പിച്ചത്. ഉയർന്ന മാർക്കോടെ ബിരുദം നേടിയ അദ്ദേഹം അവിടുത്തെ മിലിട്ടറി എൻജിനിയിറിംഗ് കോളേജിൽ പ്രൊഫസറായി നിയമിതനായി. പിന്നീട് ജോലി ഉപേക്ഷിച്ച് യന്ത്രവൽകൃത മരക്കമ്പനി തുടങ്ങി. ഇറാക്കിലെ ആദ്യത്തെ യന്ത്രവൽകൃത കമ്പനി ആയിരുന്നു അത്. അഗ്നിബാധയാൽ കമ്പനി നശിച്ചുപോയി. എങ്കിലും അധികം കഴിയാതെ പുനരുദ്ധരിച്ചു. ഏറെ താമസിയാതെ അദ്ദേഹം നിര്യാതനായി. 1933 ഏപ്രിൽ 21-നാണ് ബാവയുടെ ജനനം. നാലു ആൺമക്കളും മൂന്നു പെൺമക്കളും ഉൾപ്പെടെ ഏഴു മക്കളിൽ നാലാമത്തേത് ആണ് ബാവ. ബാല്യകാലത്തെ ബാവയുടെ പേര് 'സെൻഹരീബ്' (പ. ബഹനാം സഹദയുടെ പിതാവിന്റെ പേര്) എന്നായിരുന്നു. ബാവയുടെ മൂത്ത സഹോദരന്റെ പേര് ബഹനാം എന്നും ഒരു സഹോദരിയുടെ പേര് സാറാ എന്നുമായിരുന്നു. മക്കളിൽ ഒരാളെ ദൈവവേലക്കായി വിടണമെന്നാണ് തന്റെ ആഗ്രഹം എന്ന് ബഷീർ സഹപ്രവർത്തകരോടു പറയുമായിരുന്നു. ബാവയ്ക്ക് 10 വയസ്സുള്ളപ്പോൾ പിതാവും 12 വയസ്സുള്ളപ്പോൾ മാതാവും ചരമമടഞ്ഞു. തുടർന്ന് അദ്ദേഹം ബന്ധുക്കളുടെ സംരക്ഷണ യിലായിരുന്നു വളർന്നത്. മൂസലിലെ സെന്റ് തോമസ് സിറിയൻ സ്കൂളിലാണ് പ്രാഥമീക വിദ്യാഭ്യാസം നടത്തിയത്.

## വൈദീകവൃത്തിയിലേക്ക്

പ്രാഥമീകവിദ്യാഭ്യാസത്തിന് ശേഷം സെമിനാരിയിൽ ചേർന്ന് വൈദീക വിദ്യാഭ്യാസം നടത്തണമെന്നാണ് ഇദ്ദേഹം ആഗ്രഹിച്ചത്. ഈ വിവരം അറിഞ്ഞ ബന്ധുജനങ്ങൾ ഇതിനോടു വിയോജിപ്പ് പ്രകടിപ്പിച്ചു. മാതാപിതാക്കന്മാർ നഷ്ടപ്പെട്ട ബാലനെ ക്ലേശകരമായ വൈദീക വിദ്യാഭ്യാസത്തിന് അയക്കുവാൻ അവർക്ക് ഒട്ടും സമ്മതമില്ലായിരുന്നു. ബന്ധുക്കളുടെ എതിർപ്പ് വകവയ്ക്കാതെ 1946-ൽ തന്റെ 13-ാമത്തെ വയസ്സിൽ മൂസലിലെ മോർ അപ്രേം തിയോളജിക്കൽ സെമിനാരിയിൽ ഇദ്ദേഹം ചേർന്നു. ആ സമയത്താണ് സാഖാ എന്ന പേര് സ്വീകരിച്ചത്. പഠിത്തത്തിൽ അസാമാന്യ കഴിവ് ആയിരുന്നു ഇദ്ദേഹത്തിന്. എല്ലാ വിഷയങ്ങളിലും ഉന്നത റാങ്കോടെയാണ് വിജയിച്ചിരുന്നത്. ചരിത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാനിയമം, സുറിയാനി, അറബി, ഇംഗ്ലീഷ്, എന്നിവയായിരുന്നു പാഠ്യവിഷയങ്ങൾ. അറബി ഒഴിച്ച് എല്ലാ വിഷയങ്ങളിലും 97% മാർക്കോടെയാണ് ബിരുദം നേടിയത്. അറബിയ്ക്ക് 90% മാർക്കെ ലഭിച്ചുള്ളു. ഇതേ കുറിച്ച് അറബി അദ്ധ്യാപകന്റെ വിശദീകരണം "100 മാർക്കിനും അർഹതയുണ്ട്. പക്ഷെ അത് പാഠപുസ്തകം രചിക്കുന്നവർക്ക് മാത്രം അവകാശപ്പെട്ടതാണ്" എന്നായിരുന്നു. ബിരുദത്തിന് ശേഷം മാർ അപ്രേം സെമിനാരിയിൽ തന്നെ അദ്ധ്യാപകനായി നിയമിതനായി. 1948 നവംബർ 28ന് അഭിവന്ദ്യ മാർ അത്താനാസ്യോസ് തോമാ കസ്സിർ മെത്രാപ്പോലീത്തായിൽ നിന്നും ഇദ്ദേഹം "കോറുയോ" സ്ഥാനം ഏറ്റു. 1953 ഫെബ്രുവരി 8 ന് അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലീത്തായിൽ നിന്നും "യൗപ്പദയക്കനോ" സ്ഥാനവും സ്വീകരിച്ചു. 1954 ജൂൺ 6ന് അഭിവന്ദ്യ തിരുമേനി തന്നെ ഇദ്ദേഹത്തെ ശർവോയെ റമ്പനാക്കി (ദയറൂസ്സോ) അന്ന് പ. പിതാവിന് കേവലം 21 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ ദിവസം തന്റെ ജീവിതത്തിലെ അതിപ്രധാന ദിവസമായിട്ടാണ് പ: പിതാവ് കണക്കാക്കുന്നത് തന്റെ ജീവിതത്തെ കുറിച്ച് പ. പിതാവ് പറയാറുള്ളത് "എന്റെ മാതാപിതാക്കൾ എന്നെ വിട്ടുപിരിഞ്ഞെങ്കിലും, എന്റെ ദൈവം എന്നെ കൈക്കൊണ്ടു. എന്റെ ദൈവം എന്നോടൊപ്പം എപ്പോഴും ഉണ്ടെന്നാണ് എന്റെ വിശ്വാസം" എന്നാണ്.

## പാത്രീയർക്കാ സെക്രട്ടറി

മോർ അപ്രേം സെമിനാരിയിൽ അധികക്കാലം അധ്യാപകനായി തുടരാൻ സാഖാ റമ്പാനു കഴിഞ്ഞില്ല. പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ റമ്പാനെ പാത്രിയർക്കേറ്റിലെ രണ്ടാം സെക്രട്ടറിയായും പിന്നീട് ഒന്നാം സെക്രട്ടറിയായും നിയമിച്ചു. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ കാലശേഷം സിംഹസനാരുഢനായ പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ ഇദ്ദേഹത്തെ തന്റെ പേഴ്സനൽ സെക്രട്ടറിയായി നിയമിച്ചു. 1957-ൽ പ. പിതാവിൽ നിന്നും ഇദ്ദേഹം വൈദീകപട്ടം സ്വീകരിച്ചു. ഇതിനിടെ ജേർണലിസത്തിൽ ഡിപ്ലോമയും കരസ്ഥമാക്കിയിരുന്നു. സാഖാ റമ്പാനെ പരി. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ സെമിനാരിയിൽ ഉപരി പഠനത്തിനായി അയച്ചു. പൗരസ്ത്യഭാഷയിലും പോസ്റ്ററൽ തിയോളജിയിലും, തത്വശാസ്ത്രത്തിലും പഠനം നടത്തിയ അദ്ദേഹം ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദ്ധവും നേടി. യറുശേലമിൽ കീൽ യൂണിവേഴ്സിറ്റിയിൽ ഡോക്ട്രേറ്റിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുക്കുവാൻ ഇദ്ദേഹം രണ്ട് വർഷം പോയിരുന്നു.

## മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക്

പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രീയർക്കീസ് ബാവ 1963 നവംബർ 17-ന് ഇദ്ദേഹത്തെ മൂസലിലെ ആർച്ച് ബിഷപ്പായി "മാർ സേവേറിയോസ്" എന്ന പേരിൽ വാഴിച്ചു. മൂസൽ മെത്രാപ്പോലീത്ത എന്ന നിലയിൽ ഭദ്രാസനത്തിന്റെ ആത്മീയവും ഭൗതീകവുമായ വളർച്ചക്കും വികസനത്തിനും വേണ്ടി യുവജനങ്ങളെ സംഘടിപ്പിച്ച് ഇദ്ദേഹം ഒട്ടേറെ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകി. 1967-ൽ ഇദ്ദേഹത്തിന് യൂറോപ്പ് ഭദ്രാസനത്തിന്റെ അധിക ചുമതല കൂടി നൽകി. 1969-ൽ ബാഗ്ദാദ് - ബസ്രാ ഉൾപ്പെട്ട ഭദ്രാസനത്തിലേക്ക് മാറ്റി. അവിടെയും യുവജനങ്ങളുടെ ആത്മീയ വളർച്ചക്കും ഭദ്രാസനത്തിന്റെ വികസനത്തിനുമായി മെത്രാപ്പോലീത്തായെന്ന നിലയിൽ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് പ. പിതാവ് നേതൃത്വം നൽകി. അതിപുരാതന മായ മോർ മത്തായി ദയാറാധിപൻ അഭിവന്ദ്യ മോർ തിമോത്തിയോസ് യാക്കൂബ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോൾ ദയറായുടെ ചുമതലയും കൂടി ഇദ്ദേഹത്തിന് നൽകി. മധ്യയൂറോപ്പ്, സ്ക്കാൻ ഡിനേവിയാ ഭദ്രാസനങ്ങളുടെ ചുമതലയും ഇദ്ദേഹത്തിന് നൽകി. പുതിയതായി രൂപീകരിക്കപ്പെട്ട ആസ്ത്രേലിയായിലെ ഭദ്രാസനത്തിന്റെ ചുമതലയും മാർ സേവേറിയോസ് മെത്രാപ്പോലീത്താക്കാണ് നൽകിയത്. അവിടെത്തെ മെത്രാപ്പോലീത്ത എന്ന നിലയിൽ മെൽബോൺ, സിഡ്നി തുടങ്ങി പല സ്ഥല ങ്ങളിലും, ഒട്ടേറെ പള്ളികൾ സ്ഥാപിക്കുകയും പുതിയ ഇടവകകൾ രൂപീകരിക്കുകയും ചെയ്തു.

## വി. തോമശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുക്കൽ

വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്തത് പ. പിതാവിന്റെ പൗരോഹിത്യ ജീവിതത്തിലെ അനർഘസംഭവം തന്നെയാണ് 1964 സെപ്തംബർ ഒന്നിനാണ് വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ. പിതാവ് കണ്ടെടുത്തത്. മൂസലിലെ അതിപുരാതനമായ സെന്റ് തോമസ് പള്ളി പുതുക്കി പണിതപ്പോൾ മദ്ബഹായുടെ ഭിത്തിക്കുള്ളിൽ നിന്നുമാണ് തിരുശേഷിപ്പ് കണ്ടെടുത്തത്. ഈ തിരുശേഷിപ്പിന്റെ ഒരംശം പ. പിതാവ് മലങ്കര സഭയ്ക്ക് നൽകുകയുണ്ടായി. അതാണ് കോട്ടയം ദേവലോകം അരമന ചാപ്പലിൽ സ്ഥാപിച്ചിരിക്കുന്നത്. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്തതിന് കുറിച്ച് പ. പിതാവ് 1982-ൽ തന്റെ ശ്ലൈഹീക സന്ദർശന വേളയിൽ പ്രസ്താവിച്ചത്. "മോർ തോമസ് ശ്ലീഹായെ കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഹൃദയം പ്രത്യേകമായി ത്രസിക്കുന്നു; കാരണം നാം മോർ തോമാ ശ്ലീഹായുമായി അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു. മോർ തോമാ ശ്ലീഹാ രക്തസാക്ഷിത്വം വഹിച്ചത് ഇൻഡ്യയിൽ വച്ചും, കബറടക്കപ്പെട്ടത്, മൈലപ്പൂർ ആണെങ്കിലും നാം മെത്രാപ്പോലീത്ത ആയിരുന്ന പള്ളിയിൽ ആയിരുന്നു കഴിഞ്ഞ അനേക വർഷങ്ങളായി മോർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് സൂക്ഷിക്കപ്പെട്ടിരുന്നത്. ഒരു ദിവസം അപ്രതീക്ഷിതമായി ദൈവകൃപയാൽ, മോർ തോമശ്ലീഹായുടെ തിരുശേഷിപ്പ് ഒരിക്കൽ കൂടി മനുഷ്യ സമൂഹത്തിന് കാണിച്ചു കൊടുക്കുവാൻ നമുക്ക് ഇടയായി. മോർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് എവിടെയാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് ഇന്നത്തെ തലമുറക്ക് അറിയില്ലായിരുന്നു. നമ്മുടെ അതിഭദ്രാസന ദൈവാലയമായ ഇറാക്കിലെ മൂസലിലെ സെന്റ് തോമസ് കത്തീഡ്രലിന്റെ മദ്ബഹായുടെ ഭിത്തിയിൽ സൂക്ഷിച്ചിരുന്ന തിരുശേഷിപ്പ് ദൈവതിരുവിഷ്ടത്താൽ 1964-ൽ കണ്ടെടുക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു" എന്നാണ്. 1982-ലെ തന്റെ ഒന്നാമത്തെ അപ്പോസ്തോലീക സന്ദർശനം ന്യൂഡൽഹിയിൽ നിന്നും ആരംഭിക്കുവാൻ ആണ് ക്രമീകരണങ്ങൾ ചെയ്തിരുന്നത് എങ്കിലും, ഇന്ത്യയുടെ സുവിശേഷകൻ മാർതോമാ ശ്ലീഹായുടെ രക്തക്കറ പുരണ്ട മൈലാപ്പൂരിനടത്ത് മദ്രാസിൽ നിന്നുതന്നെ തന്റെ സന്ദർശനം ആരംഭിക്കുവാൻ ഇടയായത് ദൈവഹിതമാണ് എന്നും പ. പിതാവ് കല്പിക്കുകയുണ്ടായി. പ. പത്രോസ്, പ. പൗലോസ് ശ്ലീഹന്മാരുടെ പേരിനോടൊപ്പം വി. തോമാ ശ്ലീഹായുടെ പേരും വി. കുർബ്ബാനയിൽ ചേർത്തു കൊള്ളുവാൻ (1987 ഡിസംബർ 21 മുതൽ) അനുവദിച്ചതിൽ നിന്നും പ. പിതാവിന് തോമാശ്ലീഹയോടുള്ള സവിശേഷ ബന്ധത്തെ സൂചിപ്പിക്കുന്നു. ഇതൊടൊപ്പം പ. യൽദോ മോർ ബസേലിയോസ് ബാവ (കോതമംഗലം) പ. ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ (മഞ്ഞിനിക്കര) എന്നീ പിതാക്കന്മാരുടെ നാമങ്ങൾ അഞ്ചാം തുബ്ദേനിൽ ചേർത്ത് കല്പനയായി.

## പാത്രിയർക്കാ സ്ഥാനത്തേക്ക്

ദൈവത്താൽ നിലനിറുത്തി പോരുന്ന, ശുദ്ധിമാനും, ബഹുമാന്യനും ഭാഗ്യവാനുമായ പാത്രീയർക്കാ സ്ഥാനത്തേക്ക് പ. പിതാവ് ഐക്യകണ്ഠേനെയാണ് തെരഞ്ഞെടുക്കപ്പെട്ടത്. പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് 1980 ജൂലൈ 11-ന് ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ. സുന്നഹദോസാണ് പ. പിതാവിനെ പാത്രീയർക്കാ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തത്. 1980 സെപ്തംബർ 14 സ്ലീബാ പെരുന്നാൾ ദിവസം ശ്രേഷ്ഠ കതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിലായിരുന്നു സ്ഥാനാരോഹണ ശുശ്രൂഷ നടത്തിയത്. അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർ, ജോൺ പോൾ മാർപാപ്പാ തുടങ്ങി പല രാഷ്ട്രത്തലവന്മാരും, സഭാതലവന്മാരും പ. പിതാവിനെ ആശംസകൾ നേരുകയുണ്ടായി. പ. പിതാവിന്റെ ഭരണത്തിൽ സുറിയാനി സഭ വമ്പിച്ച നേട്ടങ്ങളാണ് കൈവരിച്ചത്. സഭയ്ക്ക് ഒരു മേജർ സെമിനാരിയും സെന്ററും ഉണ്ടായിരിക്കുക എന്നത് പ. പിതാവിന്റെ ഏറ്റവും വലിയ ആഗ്രഹം ആയിരുന്നു. തന്റെ പാത്രീയർക്കാ സ്ഥാനരോഹണവേളയിൽ പ. പിതാവ് ഈ വിവരം സൂചിപ്പിക്കുകയുണ്ടായി. പഴയ ദമസ്ക്കോസ് പട്ടണത്തിൽ നിന്നും അധികം അകലെ അല്ലാതെ സെയ്ദിനായിൽ സെന്റ് അപ്രേം തിയോജിക്കൽ സെമിനാരി, സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് കത്തീഡ്രൽ, സെന്റ് അപ്രേം ഓഡിറ്റേറിയം, സെന്റ് ജേക്കബ് ബ്രർഡാസ് കോൺവെന്റ്, സെന്റ് അപ്രേം മോണാസ്ട്രി ചാപ്പൽ, യുവജനക്ഷേമകാര്യ സെന്റർ, എന്നിവയോടു കൂടി അതിമനോഹരവും ഒരു ബൃഹത്തുമായ ഒരു മന്ദിരസമുച്ചയം പ. പിതാവ് പടുത്തുയർത്തുകയുണ്ടായി. ഇതിനു പുറമെ റിട്ടയർ ചെയ്യുന്ന വൈദീകർക്കായി "Beth Hoobo" (സ്നേഹഭവനം) എന്ന പേരിൽ ഒരു സ്ഥാപനവും പ. പിതാവ് തുടങ്ങി. ഇതിനെല്ലാം ഉപരിയായി, സയൻസ്, ആർട്ട്സ്, ദൈവശാസ്ത്രം എന്നി വിഷയങ്ങളിൽ ഒരു സ്വാശ്രയയൂണിവേഴ്സിറ്റി സ്ഥാപിക്കുകയെന്നതും പ. പിതാവിന്റെ വലിയ ആഗ്രഹമാണ്. പാത്രീയർക്കിസ് എന്ന നിലയിൽ ലോകത്തിന്റെ നാനാഭാഗത്ത് പ്രത്യേകിച്ച് മധ്യപൂർവ്വദേശം, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഹോളണ്ട്, ജർമ്മനി, ആസ്ത്രേലിയ, കാനഡാ, തുടങ്ങിയ രാജ്യങ്ങളിൽ പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുകയും ആവശ്യമായ മെത്രാപ്പോലീത്താമാരെ വാഴിക്കുകയും ചെയ്തു. പ. പിതാവിന്റെ പ്രവർത്തനം കൊണ്ട് സുറിയാനി സഭയ്ക്ക് ലോക ക്രൈസ്തവ സഭകളുടെ ഇടയിൽ അംഗീകാരവും ഉന്നതമായ സ്ഥാനവും ലഭിച്ചു. എക്യുമിനിക്കൽ രംഗത്ത് സുറിയാനി സഭ വലിയ മുന്നേറ്റം തന്നെയാണ് നടത്തിയത്. ലോകമെമ്പാടുമുള്ള രാഷ്ട്രത്തലവന്മാരാൽ അറിയപ്പെടുന്ന സഭാ മേലദ്ധ്യക്ഷരിൽ ഒരാളായി പ: സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ ഉയർന്നു.

## ശ്ലൈഹീക സന്ദർശനങ്ങൾ

പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവയോടൊപ്പവും, തനിച്ചും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാഖാ റമ്പാൻ സഞ്ചരിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ നിരീക്ഷകനായി ഇദ്ദേഹം റോമിൽ പോയിട്ടുണ്ട്. 1964-ൽ യാക്കൂബ് തൃതീയൻ പാത്രീയർക്കിസ് ബാവയോടൊപ്പം ഇൻഡ്യയിൽ വരികയും കോട്ടയത്ത് പ. പാത്രീയർക്കിസ് ബാവയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആകമാന സുന്നഹദോസിൽ പങ്കെടുക്കുകയും മാർ ഔഗേൻ കാതോലിക്കാ ബാവയെ വാഴിച്ചതിൽ സഹകാർമ്മികൻ ആയിരിക്കുകയും ചെയ്തിട്ടുണ്ട്. പ. പാത്രീയർക്കീസ് ബാവ എന്ന നിലയിൽ 1982, 2000, 2004, 2008 എന്നീ വർഷങ്ങളിൽ ഇൻഡ്യയിൽ ശ്ലൈഹികസന്ദർശനം നടത്തുകയും രണ്ട് പ്രാവശ്യം വിശുദ്ധ മൂറോൻ കൂദാശ നടത്തുകയും ചെയ്തിട്ടുണ്ട്. മോസ്ക്കോയിൽ വച്ച് നടത്തിയ റഷ്യൻ ഓർത്തഡോക്സ് സഭയുടെ ആയിരാമത്തെ വാർഷികാഘോഷ പരിപാടികളിൽ പ. പിതാവ് ബാവ പങ്കെടുക്കുകയുണ്ടായി. 1984-ൽ ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്ക മോർ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവയോടൊന്നിച്ച് വത്തിക്കാൻ സന്ദർശിച്ചിട്ടുണ്ട്. തുടർന്ന് വിയന്നയിൽ എത്തിയ പ. പിതാവ് ആസ്ത്രേലിയൻ പ്രസിഡന്റ് - പ്രധാനമന്ത്രി എന്നിവരേയും വിവിധ ക്രൈസ്തവ കേന്ദ്രങ്ങളും സന്ദർശിക്കുകയുണ്ടായി. ബ്രസിൽ, ബൽജിയം, നെതർലാന്റ് തുടങ്ങിയ രാജ്യങ്ങളിലും പ. പിതാവ് സന്ദർശനം നടത്തിയിട്ടുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, അലക്സാണ്ട്രിയ പാത്രിയർ ക്കീസ് ഷിനൗഡ് മൂന്നാമൻ അർമീനിയൻ കാതോലിക്ക കലിക്യൻ തുടങ്ങി വിവിധ സഭാ മേലധ്യക്ഷന്മാർ പ. പിതാവിന്റെ അരമനയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. പ. ബാവ സന്ദർശിച്ചിടത്തെല്ലാം രാജകീയ വരവേൽപ്പും സ്വീകരണവും അനുമോദനങ്ങളുമാണ് ലഭിച്ചിട്ടുള്ളത്.

## ഗ്രന്ഥകാരൻ

കഴിവുറ്റ ഒരു ഗ്രന്ഥകാരൻ കൂടിയാണ് പ: പിതാവ്. കൃത്യാന്തര ബാഹുല്യത്തിനിടയിലും പുസ്തകരചനയ്ക്ക് ബാവ സമയം കണ്ടെത്താറുണ്ട്. ഈടുറ്റ ഒട്ടനവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇതിനും പുറമെ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കായി ഒട്ടേറെ ടെക്സ്റ്റുബുക്കുകളും പ. പിതാവ് രചിച്ചിട്ടുണ്ട്. ബാവയുടെ ഒരു പുസ്തകം ഇറാക്ക് ഗവൺമെന്റ് തന്നെയാണ് പ്രസിദ്ധീകരിച്ചത്. പ: പിതാവ് രചിച്ച പ്രധാനഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്. ഈ (1) Doctrine of Incarnation and Salvation, (2) The Seven Sacraments, (3) Yacob III Life and Apostolic Visit to Middle East and Latin America, (4) Apostalic Visit of Yacob III to North America (5) The Dove by Bar Ebroya (Transalation from Symic to Arabic) (6) Mor Aprem The Syrian. (]pkvXIamWv Cdm¡v Kh¬saâv {]kn²oIcn¨Xv) (7) Mor Jacob of Edessa (633 - 708 AD) (8) Mor Dionysius Talmabar (Ninth Centrury) (9) Story of Seven Sleepers - a Perspective from Syriac Sources,(Co - authored Metropolithan Haksaka) (10) Syrian Orthadox Church Through the Ages (11) Syraic Literature in the Sixth Century (12) Bar Hibarius.


ഇതിനും പുറമെ Syrian Orthadox Church and the Ecuminical Movements, Position and Role Women in The Church, Religious Vistues and Family Welfare എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1972-ൽ വിന്നായിൽ പ്രീ-ഓറിയന്റ് സമ്മേളനത്തിൽ 'The Church and Ecuminical Synood' എന്ന വിഷയത്തിലും 1973-ലെ സമ്മേളനത്തിൽ What makes a council degitimate and accablable എന്ന വിഷയത്തിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ 1976-ൽ വിയന്ന പ്രി-ഓറിയന്റെ സമ്മേളനത്തിൽ The Need for singer, of Communion between local churches എന്ന വിഷയം ആസ്പദമാക്കിയും പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. ഇതിനും പുറമെ സുറിയാനി, അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വിവിധ വിഷയങ്ങളെ കുറിച്ച് ഒട്ടേറെ ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പ. പിതാവിന്റെ തെരഞ്ഞെടുത്ത പ്രൗഢഗംഭീരങ്ങളായ പത്തു പ്രബന്ധങ്ങൾ, വിജ്ഞാനസാഗരങ്ങളായ ഒട്ടേറെ പ്രഭാഷണങ്ങൾ, പ്രബോധനങ്ങൾ, നിരവധി ലേഖനങ്ങൾ, കത്തോലിക്കാ സഭ ഉൾപ്പെടെ വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളുമായി കാലാകാലങ്ങളിൽ ഒപ്പ് വച്ചിട്ടുള്ള സംയുക്തപ്രഖ്യാപനങ്ങൾ, ശ്ലൈഹീക സന്ദർശനങ്ങളുടെ ഒട്ടേറെ ഫോട്ടോകൾ, 2004-ലെ ചരിത്രപ്രസിദ്ധമായ രണ്ടാം മുളംന്തുരുത്തി സുന്നഹദോസ്സിൽ പ. പിതാവ് നടത്തിയ അദ്ധ്യക്ഷപ്രസംഗം, മുളംന്തുരുത്തി സുന്നഹദോസ് പ്രഖ്യാപനം, തുടങ്ങി വിലപിടിപ്പുള്ള ഒട്ടേറെ ചരിത്രരേഖകൾ ഉൾക്കൊള്ളുന്ന ഒരു റഫറൻസ് ഗ്രന്ഥം "FESTCHRIFT" എന്ന പേരിൽ ചിക്കാഗോയിലെ മലങ്കര സുറിയാനി ഓർത്തഡോക്സ് പള്ളി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഇസ്രായേൽ – ആരബ് യുദ്ധകാലത്ത് തകർന്ന പോയ പട്ടണങ്ങൾ പുനർനിർമ്മിക്കുവാൻ രൂപീകരിക്കപ്പെട്ട സമിതിക്ക് നേതൃത്വം നൽകിയ പ. പിതാവിന്റെ കർമ്മ കുശലത സർവ്വരാലും പ്രകീർത്തിക്കപ്പെടുകയുണ്ടായി. ലോക ക്രിസ്ത്യൻ കൗൺസിൽ അദ്ധ്യക്ഷ പദം അലങ്കരിച്ച പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ ലോകപൗരൻ തന്നെയായിരുന്നു.**

## സ്ഥാനമാനങ്ങളും അംഗീകാരങ്ങളും

മഹാ താപസന്റെ ബഹുമതി മുദ്രയായ "The Cross of the Grand Monk" എന്ന ഉന്നത ബഹുമതി പ: യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവ നൽകി ആദരിക്കുമ്പോൾ സാഖാ റമ്പാന്റെ പ്രായം കേവലം 24 വയസ്സു മാത്രം. ആദ്യമായി കിട്ടിയ ബഹുമതിയാണിത്. മുപ്പത്തിനാലാമത്തെ വയസ്സിൽ പ്രീ-ഓറിയന്റ് ഫെല്ലോ

(ശേഷം പേജ് 4)



# കാലാതിവർത്തിയായ യുഗപ്രഭാവൻ പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ

(പേജ് 3-ന്റെ തുടർച്ച)

ഷിപ്പിന് അർഹനായി. സ്വീഡനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റ് സ്റ്റഡീസ് പ. പിതാവിന്റെ അഗാധ സുറിയാനി പാണ്ഡിത്യത്തെ ആദരിച്ച് ഡോക്ട്രേറ്റ് നൽകുകയുണ്ടായി. ബാഗ്ദാദിലെ സുറിയാനി പഠനവിഭാഗം മേധാവിയായും വിദ്യാഭ്യാസ അക്കാഡമി അംഗമായും പ. പിതാവിനെ നിയമിക്കുകയുണ്ടായി. 1975-ൽ നൈറോബിയിൽ വച്ച് വേൾഡ് ക്രിസ്ത്യൻ കൗൺസിൽ സെന്റൽ കമ്മറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1988-ൽ സിംബാബയിൽ വച്ച് കൂടിയ W.C.C. യോഗം പ. പിതാവിനെ W.C.C. പ്രസിഡന്റായി തെരഞ്ഞെടുത്തു. 1976, 77, 78, 79 വർഷങ്ങളിൽ റോമൻ കാത്തോലിക്കാ സഭയിൽ 'ഓറിയന്റൽ കാനോൻ' നിയമം പരിഷ്ക്കരിക്കുന്നതിന് രൂപീകരിച്ച കമ്മീഷന്റെ ഉപദേശകനായിരുന്നു. ഇറാക്ക് ഗവൺമെന്റ് അവിടെത്തെ കൾച്ചറൽ അക്കാഡമി അംഗമായും അക്കാഡമി ഓഫ് സിറിയൻ ലാംഗേജ് ആന്റ് കൾച്ചറൽ പ്രസിഡന്റായും നിയമിച്ച് ആദരിച്ചിട്ടുണ്ട്. പ്രോ-ഓറിയന്റൽ എന്ന ക്രൈസ്തവ സംഘടന 1984 പ. പിതാവിന് "Protector of Proori ente" എന്ന ബഹുമതി നൽകി ആദരിച്ചു. പൗരസ്ത്യ ദേശ ത്തെ സഭകളുടെ കൂട്ടായ്മ യായ "ദി മീഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റ് പദവി അലങ്കരിക്കുന്നത് പ. പാത്രീയർക്കീസ് ബാവയാണ്.

## എക്യുമിനിക്കൽ സംരംഭങ്ങൾ

പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ എക്യുമീനിസത്തിന്റെ ശക്തനായ വക്താവാണ്. പ. പിതാവ് പാത്രിയർക്കീസ് ആയി സ്ഥാനമേറ്റതിന് ശേഷം എക്യുമിനിക്കൽ രംഗത്ത് സഭ വലിയ മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. എക്യുമിനിക്കൽ സമ്മേളനങ്ങളിൽ സഭയ്ക്ക് ശരിയായ പ്രാതിനിത്യവും അംഗീകാരവും ലഭിക്കുന്നതിന് പ. പിതാവ് പ്രത്യേകം നിഷ്കർഷത പുലർത്തിയിരുന്നു. സഭാതലവൻ ദൈവശാസ്ത്രത്തിൽ നിപുണനും, സമർപ്പണ ദാർശികനും, ആകുമ്പോൾ സ്വാഭാവികമായും അതിന്റെ നേട്ടങ്ങൾ സഭയ്ക്ക് ഉണ്ടാകുമല്ലോ. കത്തോലിക്കാ സഭയുമായി പതിനഞ്ച് നൂറ്റാണ്ടുകളും പൗരസ്ത്യ ഈസ്റ്റേൺ സഭകളുമായി അവയുടെ ആരംഭം മുതലും നിലനിന്നിരുന്ന ഭിന്നതകൾ പരിഹാരമായത് പ. പിതാവിന്റെ എക്യുമിനിക്കൽ കാഴ്ചപ്പാടാണ് പ്രകടമാക്കുന്നത്.

ബാഗ്ദാദ് മെത്രാപ്പോലീത്ത ആയിരുന്ന പിതാവിനെ പ. യാക്കൂബ് തൃതീയൻ പാത്രിയർ ക്കീസ് ബാവ പല എക്യുമിനിക്കൽ സമ്മേളനങ്ങളിലും പ്രതിനിധിയായി അയ്ക്കുകയും ചിലപ്പോൾ തന്നോടൊപ്പം കൊണ്ടു പോകുകയും ചെയ്തിട്ടുണ്ട്. സുപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ കൗൺസിലിൽ അംഗീകൃത നീരിക്ഷകനായി ഇദ്ദേഹം പോയിട്ടുണ്ട്. 1965-ൽ അഡീസ് അബാബയിൽ നടന്ന പാൻ - ഓർത്തഡോക്സ് സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. ഓറിയന്റെ ഓർത്തഡോക്സ് സഭകളും പൗരസ്ത്യ ഓർത്തഡോക്സ് സഭകളും തമ്മിൽ 1964-ലും പിന്നീടും നടന്ന അനൗപചാരിക ചർച്ചകളിൽ പങ്കെടുത്ത 15 ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാൾ മാർ സാഖാ സേവേറിയോസ് തിരുമേനി ആയിരുന്നു. 1968-ലെ ജനീവ സമ്മേളനത്തിൽ തിരുമേനി പങ്കെടുക്കുകയുണ്ടായി. 1968-ലെ ലാംമ്പത്തു സമ്മേളനത്തിൽ നിരീക്ഷകനായി പ. പിതാവ് പങ്കെടുത്തിട്ടുണ്ട്. 1972, 1973, 1976 എന്നീ വർഷങ്ങളിൽ പ്രീ-ഓറിയന്റ് സമ്മേളനത്തിൽ പ. പിതാവ് പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിയന്നായിലെ സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ അവിടുത്തെ കർദ്ദിനാളിന്റെയും മെത്രാപ്പോലീത്തമാരുടെയും മറ്റു ഉന്നത സ്ഥാനികളുടെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പ്രസംഗിക്കുന്നതിന് ആദ്യമായി അവസരം ലഭിച്ച ഒരു സുറിയാനി ഓർത്തഡോക്സ് മെത്രാപ്പോലീത്താ ഇദ്ദേഹമാണ്.

പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെയും മാർപാപ്പായുടെയും അംഗീകാരത്തോടെ മലങ്കര യാക്കോബായ സഭയും റോമൻ കാത്തോലിക്കാസഭയും തമ്മിലുള്ള ചർച്ചകൾക്ക് രൂപീകരിച്ച ജോയിന്റ് കമ്മീഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മധ്യപൗരൃസ്തദേശത്തുള്ള സഭകൾക്ക് ഒരുമിച്ച് കൂടുന്നതിനും ദൈവ ശാസ്ത്ര, ദർശനങ്ങൾ പങ്കുവയ്ക്കുന്നതിനും നല്ല ബന്ധം നിലനിറുത്തുന്നതിനുമായി രൂപീകരിച്ച "ദീമിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചിന്" പ. പാത്രിയർക്കീസ് ബാവ വിലപ്പെട്ട സംഭാവനകളാണ് നൽകിയി ട്ടുള്ളത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും പരി. പിതാവുമായി 1984-ൽ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം സ്വന്തം പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഇരു സഭകളിലെയും അംഗങ്ങൾക്ക് അടിയന്തിരകുദാശകളായ വി. കുർബാന, വി. കുമ്പസാരം, വി. തൈലാഭിഷേകം എന്നിവ പരസ്പരം സ്വീകരിക്കാമെന്നുള്ള പ്രഖ്യാപനവും, യാക്കോബായ കത്തോലിക്കാ സഭാംഗങ്ങൾ തമ്മിൽ സഭാ പാരമ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, സഭയുടെ അനുമതിയോടെ വിവാഹങ്ങൾ നടത്താമെന്നുള്ള 1994-ലെ പ്രഖ്യാപനവും പ. പിതാവിന്റെ എക്യുമിനിക്കൽ ദർശനമാണ് പ്രകടമാക്കുന്നത്. ഗ്രീക്ക് ഓർത്തഡോക്സ് സഭയും സിറിയൻ ഓർത്തഡോക്സ് സഭയുമായി ബന്ധം വളർത്തുന്നതിന് പ: പിതാവ് വഹിച്ച പങ്ക് നിസീമമാണ്. ബൈസന്റെയൽ സഭയിലെ അന്ത്യോഖ്യൻ വിഭാഗവും, സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിൽ ഊഷ്മള ബന്ധം സ്ഥാപിക്കുന്നതിന് സിറിയാ, ലബനോൻ എന്നിവിടങ്ങളിൽ സാധിച്ചിട്ടുണ്ട്. നിരവധി ഉഭയകക്ഷിധാരണകൾ ഒപ്പ് വയ്ക്കുന്നതിന് ഇതു സഹായിച്ചിട്ടുണ്ട്. ഗ്രീസിലെ ദൈവ ശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുറിയാനി സഭയിലെ നിരവധി റമ്പാന്മാർക്കും സന്യാസിനികൾക്കും പഠിക്കുവാൻ കഴിയുന്നുണ്ട്. 16-ാം നൂറ്റാണ്ടിൽ കാൽവിന്റെയും സിംഗ്ലിയുടെയും നേതൃത്വത്തിൽ കത്തോലിക്കാ സഭയിൽ നിന്നും വേർപ്പെട്ടു പോയവരാണ് നവീകരണസഭകൾ (Reformes Churches). ആഗോള തലത്തിൽ പരസ്പരബന്ധമുള്ള ഈ നവീകരണ സഭയും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായി ചർച്ചകളിൽ ഏർപ്പെടുകയും, വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ ഉള്ള സമാനതകളും, വ്യത്യസ്തകളും കണ്ടെത്തുന്ന തിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. നവീകരണ സഭ കളുമായിട്ടുള്ള ഈ ചർച്ചകൾക്ക് പ. പാത്രിയർക്കീസ് ബാവയുടെ അംഗീകാരവും, മാർഗ്ഗ നിർദ്ദേശങ്ങളുമുണ്ട്. ഡമാസ്ക്കസിലെ സെയ്ദിനായിലെ പ. പിതാവിന്റെ അരമനയിൽ നിരവധി എക്യു മിനിക്കൽ സമ്മേളനങ്ങൾക്ക് വേദിയാകുന്നുണ്ട്. ഈ കാര്യങ്ങൾ എല്ലാം പ. പാത്രിയർക്കീസ് ബാവയ്ക്ക് എക്യുമിനിക്കൽ രംഗങ്ങ ളിൽ ഉള്ള വീഷണവും ദർശനവുമാണ് കാണിക്കുന്നത്. ആഗോളവൽകൃതമായ ആധുനിക സാഹചര്യ ങ്ങളിൽ ഊഷ്മളവും സാഹോദ ര്യവുമായ ബന്ധങ്ങൾ സഭകൾ തമ്മിൽ ഉണ്ടാകേ ണ്ടത് കാലഘട്ട ത്തിന്റെ ആവശ്യമാണ്. അതിനായി പ. പിതാവ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.



## മലങ്കര സഭാ സമാധാനം


മലങ്കര സഭയിൽ യോജിപ്പും സമാധാനവും ഉണ്ടാകണമെന്നാണ് പ. പിതാവിന്റെ ആഗ്രഹം. 1980 സെപ്തംബർ 14-ൽ തന്റെ പാത്രിയർക്കാ സ്ഥാനാരോഹണവേളയിൽ കല്പിച്ചത് "മലങ്കരയിലെ സമാധാനം നമ്മുടെ പാത്രിയർക്കാ നാളുകളിൽ മുൻഗണനനൽകപ്പെടുന്ന ഒരു വിഷയമായിരിക്കും" എന്നാണ്. 1982-ലെ തന്റെ പ്രഥമ ശ്ലൈഹീക സന്ദർശനവേളയിൽ നടന്ന സ്വീകരണയോഗത്തിൽ "എന്റെ ആയുഷ്കാലത്തു തന്നെ ഈ ഭിന്നത അവസാനിച്ചു കാണണമെന്നാണ് എന്റെ ആഗ്രഹം. ഞങ്ങളിൽ നിന്നും നിർഭാഗ്യവശാൽ അകന്നു പോയ സഭാ മക്കളെ പൂർണ്ണഹൃദയത്തോടെ സ്വാഗതം ചെയ്യാനാണ് താൻ എത്തിയിരിക്കുന്നത്. സഭയുടെ വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കുന്നു. ഞാൻ ഇടയനാകുന്നു, അവസാനത്തെ ആടും തിരിച്ചെത്തുന്നതു വരെ എനിക്ക് വിശ്രമമില്ല, തന്റെ മുൻഗാമി പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയെപ്പോലെ തന്നെ സമാധാനം തേടിയാണ് താനും വന്നിരിക്കുന്നത്" എന്നാണ് പ്രസ്താവിച്ചത്. ബ. സുപ്രീംകോടതി വിധിയെ തുടർന്ന് 1995 ആഗസ്റ്റ് ഒന്നിന് ഇ/175/95-ാം നമ്പറായി പ. പിതാവ് അയച്ച പൊതുകല്പനയിൽ "ക്രിസ്തീയസാക്ഷ്യം വിഭലമാക്കുന്ന വിഭജനം അവസാനിപ്പിച്ച് സഭാ യോജിപ്പിനും, സമാധാനത്തിനും പ്രവർത്തിക്കു വാൻ" ആവശ്യപ്പെട്ടിരുന്നു. സമാധാനചർച്ചകൾക്കായി മലങ്കരയിൽ രൂപീകരിക്കപ്പെട്ട അനുരഞ്ജനസമിതികളുടെ പ്രവർത്തനം പരാജയപ്പെട്ടപ്പോൾ ചർച്ചകൾക്കായി പ. പിതാവ് നേരിട്ടു കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മറ്റിയുമായി ചർച്ചകൾ നടത്തുകയില്ലെന്നും ആകമാന സുറിയാനി സഭയെന്നും, അതിന്റെ തലവൻ പാത്രിയർക്കീസ് ബാവയെന്ന് പറയുന്നത് ശരിയും സത്യവുമല്ലായെന്നും, ആയിരുന്നു സമാധാനചർച്ചകൾ ആരംഭിക്കുന്നതിനെ കുറിച്ച് അറിയിച്ചപ്പോൾ പ. മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവ നൽകിയ മറുപടി. ഈ വിവരം അറിഞ്ഞിട്ടും, അത് കണക്കാക്കാതെ, സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സഭാ യോജിപ്പിന് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ പ. മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവയ്ക്ക് രണ്ട് കത്തുകൾ അയക്കുകയുണ്ടായി. സുപ്രീംകോടതി വിധിയല്ല, 1934-ലെ ഭരണഘടനയാണ് സഭാ യോജിപ്പിന് അടിസ്ഥാനമാക്കേണ്ടത് എന്നായിരുന്നു ആദ്യ കത്തിന് പ: മാത്യൂസ് ദ്വീതിയൻ കാതോലിക്ക ബാവ നൽകിയ മറുപടി. രണ്ടാമത്തെ കത്തിന് ഒരു മറുപടി അയ്ക്കുവാനുള്ള സൗമനസ്യം പോലും പ. മാത്യൂസ് ദ്വീതിയൻ കതോലിക്കാ ബാവ പ്രകടിപ്പിച്ചില്ല. ഈ സാഹചര്യത്തിൽ പ. പിതാവ് സഭാ സമാധനത്തിന് ഇതര ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരുടെ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. പ. പിതാവിന്റെ അഭ്യർത്ഥന പ്രകാരം അലക്സാണ്ടിയ പാത്രിയർക്കീസ് ഷിനൗഡ മൂന്നാമൻ, അർമേനിയൻ പാത്രിയർക്കീസ് ആരാം ഒന്നാമൻ എന്നിവർ സഭാ സമാധനത്തിന് തയ്യാറാകണമെന്ന് പരിശുദ്ധ മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവയോടു ആവശ്യപ്പെടുകയുണ്ടായി. ഇതെല്ലാം കാണിക്കുന്നത്. മലങ്കര സഭയിൽ യോജിപ്പും സമാധാനവും ഉണ്ടാകണമെന്നുള്ള പ. പാത്രിയർക്കീസ് ബാവയുടെ ആഗ്രഹമാണ് മോർ ബസേലിയോസ് പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവ 1996 സെപ്തംബർ ഒന്നിന് കാലം ചെയ്തിട്ടും പുതിയ കാതോലിക്കാ ബാവയെ വാഴിക്കാതെ പ. പിതാവ് 6 വർഷം കാത്തിരുന്നത് സഭാ യോജിപ്പിനെയും സമാധാനത്തെയും പ്രതി ആയിരുന്നു. മറുഭാഗത്തിന്റെ നിലപാട് നിഷേധാന്മകവും സഭാ യോജിപ്പിനും സമാധാനത്തിനും സഹായകരമല്ലയെന്ന് പൂർണ്ണമായി ബോദ്ധ്യം വന്നപ്പോൾ ആണ് പ. പിതാവ് മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയെ 2002 ജൂലൈ 6 ന് വാഴിച്ചത്. യോജിക്കാൻ പറ്റാത്തതിനാൽ, സമാധാനത്തെ പ്രതിയാണ് രണ്ട് സഭകളായി പിരിഞ്ഞ് ക്രിസ്തീയ സാക്ഷ്യം നിർവഹിക്കാമെന്ന് പ. പിതാവ് രണ്ടാം മുളംന്തുരുത്തി സുന്നഹദോസിൽ പ്രഖ്യാപിച്ചത്.

## മലങ്കരയ്ക്കായി നടത്തിയ മെത്രാഭിഷേകങ്ങൾ

പരിശുദ്ധ ബാവ ഇതുവരെയായി 51 മേൽപ്പട്ട സ്ഥാനാരോഹണങ്ങൾ നടത്തിയിട്ടുണ്ട്. മലങ്കരയ്ക്കായി 22 മെത്രാപ്പോലിത്താന്മാരെ വാഴിച്ചു. മലങ്കരയിൽവെച്ച് നടത്തിയ ഏക മെത്രാഭിഷേകം 1982 മാർച്ച് 6 ന് ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചതാണ്. തുടർന്ന് 1984 ഒക്ടോബർ 7 ന് ബന്യാമിൻ മോർ ഒസ്താത്തിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചു. 1990 മെയ് 27 ന് ഗീവർഗീസ് മോർ പോളിക്കർപ്പോസ് മെത്രാപ്പോലിത്തായെ വാഴിച്ചു. 1990 ഡിസംബർ 23 ന് യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലിത്തായേയും 1993 ഓഗസ്റ്റ് 15 ന് സഖറിയാസ് മാർ നിക്കളോവാസ് മെത്രാപ്പോലിത്തായേയും വാഴിച്ചെങ്കിലും പന്നീട് ഈ മെത്രാപ്പോലിത്തന്മാർ സഭവിട്ട് മറുഭാഗത്തേക്ക് പോയി. തുടർന്ന് 1994 ജനുവരി 16 ന് ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായേയും 1998 സെപ്റ്റംബർ 27 ന് കുര്യാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലിത്തായേയും വാഴിച്ചു. 2001 ജനുവരി 14 ന് മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലിത്തായേയും മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലിത്തായേയും വാഴിച്ചു. 2002 ഡിസംബർ 8 ന് മെത്രാപ്പോലിത്തന്മാരായ ഗീവറുഗീസ് മോർ ദിവന്നാസിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, കുര്യാക്കോസ് മോർ ദിയസ്ക്കോറോസ്, ഗീവറുഗീസ് മോർ അത്താനാസിയോസ് എന്നിവരെ വാഴിച്ചു. 2004 ജനുവരി 4 ന് യൽദോ മോർ തീത്തോസ് മെത്രാപ്പോലിത്തായേയും ജനുവരി 15 ന് കുര്യാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലിത്തായേയും വാഴിച്ചു. 2006 ജൂലൈ 14 ന് മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്തായേയും 2007 ഫെബ്രുവരി 2 ന് കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായേയും വാഴിച്ചു. 2008 ജൂൺ 11ന് കുര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലിത്തായേയും അയൂബ് മോർ സിൽവാനോസ് മെത്രാപ്പോലിത്തായേയും വാഴിച്ചു. 2008 ഓഗസ്റ്റ് 24 ന് കുര്യാക്കോസ് മോർ ക്ലീമീസ്, പൗലോസ് മോർ ഐറേനിയോസ് എന്നീ മെത്രാപ്പോലിത്തന്മാരെ വാഴിച്ചു. ഏറ്റവും അവസാനം നടന്ന മെത്രാഭിഷേകം 2009 ഓഗസ്റ്റ് 23 ന് യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചതാണ്.

## ഉപസംഹാരം

ആകമാന സുറിയാനി സഭയുടെ ശബ്ദവും ശക്തിയും ഒജസ്സും അഭിമാനവും അലങ്കാരവും എല്ലാം തന്നെ പ. ഇഗ്നാത്തിയോസ് സാഖാ ഐവാസ് പ്രഥമൻ പാത്രീയർക്കിസ് ബാവയായിരുന്നു. പ. പിതാവിന്റെ അനുഗ്രഹകരവും സമർത്ഥവുമായ നേതൃത്വവും സഭയ്ക്ക് നൽകിയ ഊർജ്ജം വളരെ വലുതാണ്. നീതി സൂര്യനാകുന്ന ക്രിസ്തുവിന്റെ തിരുവചന പാതയിൽ ജീവിച്ച് അനേകർക്ക് ആത്മീയ വെളിച്ച മേകികൊണ്ട് ധന്യമായ ജീവിതം പിൻ തുടർന്ന പരിശുദ്ധ പിതാവ് ദൈവസന്നിധിയിൽ ഇനിയും നമുക്ക് മദ്ധ്യസ്ഥനാണ്.





ദീപിക — THE FIRST MALAYALAM DAILY ESTD 1887

## എഡിറ്റോറിയൽ

സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും അന്ത്യോഖ്യയുടെയും കിഴക്കിന്റെയും പ. പാത്രിയർക്കീസുമായ മാർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ വിയോഗം ക്രൈസ്തവലോകത്തിനു തീരാനഷ്ടമാണ്. വിശ്വാസതീക്ഷ്ണതയും കർമധീരതയും കൈമുതലാക്കിയ ഈ ആചാര്യൻ യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷനെന്ന നിലയിൽ കേരളത്തിനും ഇന്ത്യയ്ക്കും മറക്കാനാവാത്ത വ്യക്തിത്വമാണ്. ശുശ്രൂ ഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാൻ എന്ന മുദ്രാവാക്യം ഉയർത്തി പ്പിടിച്ചുകൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആചാര്യത്വം. മഹനീയമായ ആ വ്യക്തിത്വം അദ്ദേഹം തെരഞ്ഞെടുത്ത ഈ ആപ്തവാക്യത്തിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്.

ആഭ്യന്തരയുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന സിറിയയിലെ ഡമാസ്കസിലാണു പാത്രിയർക്കീസ് ബാവയുടെ അരമന. സിറിയൻ കലാപം രൂക്ഷമായതോടെ ബാവ ലബനോനിലേക്ക് ആസ്ഥാനം മാറ്റി. സിറിയയിൽ ജനം അനുഭവിക്കുന്ന കൊടിയ ദുരിതങ്ങളിൽ അദ്ദേഹം ഏറെ വേദനിച്ചിരുന്നു. കുറേനാളുകളായി ശാരീ രികാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെട്ടിരുന്നെങ്കിലും സഭയുടെയും സമൂഹത്തിന്റെയും കാര്യങ്ങളിൽ ബാവ തികച്ചും ശ്രദ്ധാലുവായിരുന്നു. ക്രൈസ്തവ സഭകളുടെ സാഹോദര്യവും സഹവർത്തിത്വവും വളർത്താൻ ഏറെ ആഗ്രഹിച്ചിരുന്ന ബാവ അതിനായി നിസ്തുല സംഭാവനകളാണു നൽകിയത്.

പ. യാക്കോബ് തൃതീയൻ ബാവ വത്തിക്കാനുമായി തുടങ്ങിവച്ച ചർച്ചയുടെ തുടർച്ചയെന്നോണം ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉൾപ്പെട്ട ഒരു സംഘത്തെ നയിച്ച് അദ്ദേഹം വത്തിക്കാനിൽ മാർ പാപ്പയെ സന്ദർശിക്കുകയും അങ്ങനെ വളർത്തിയ സഹവർത്തി ത്വം ഭരണകാലത്തുടനീളം സജീവമായി മുന്നോട്ടു കൊണ്ടു പോവുകയുംചെയ്തു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ അദ്ദേഹം ആകമാന സുറിയാനി സഭയെ പ്രതിനിധീകരിച്ചു സംബന്ധി ക്കുകയുമുണ്ടായി. ദൈവശാസ്ത്രത്തിലും സുറിയാനി ഭാഷയിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന പ. പാത്രിയർക്കീസ് ബാവ ഇംഗ്ലീഷ്, ഫ്രഞ്ച്, അറബി, ഗ്രീക്ക്, എബ്രായ ഭാഷകളും ഏറെ നൈപുണ്യത്തോടെ കൈകാര്യം ചെയ്തിരുന്നു. സഭാസംബന്ധിയായ നിരവധി പുസ്തകങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും ബാവ തന്റെ ദർശനങ്ങൾ പങ്കുവച്ചു.

ഇന്ത്യയുടെ മത-സാംസ്കാരിക പശ്ചാത്തലത്തെ ഏറെ ആദര വോടെയാണു സഖാ പ്രഥമൻ ബാവ കണ്ടിരുന്നത്. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നു പഠിപ്പിക്കുന്ന മതത്തിനു മാത്രമേ മനുഷ്യനെ ദൈവസന്നിധിയിലേക്ക് അടുപ്പിക്കാൻ കഴിയൂ എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഇന്ത്യയെന്ന മഹത്തായ രാജ്യത്തിന് അതിനു കഴിയുമെന്നും ബാവ പറയുകയുണ്ടായി. വിവിധ സംസ്കാരങ്ങളെ സമന്വയിപ്പിക്കാനും സ്വാംശീകരിക്കാനും ഇന്ത്യക്കു കഴിയുന്നത് ആർഷ ഭാരത സംസ്കാരത്തിന്റെ പ്രത്യേകത കൊണ്ടാണെന്നു കോട്ടയത്തു നടന്നൊരു പൗരസ്വീകരണത്തിലും ബാവ പറയുകയുണ്ടായി. ഇന്ത്യയുടെ ചരിത്രവും സംസ്കാരവും ആഴത്തിൽ മനസിലാക്കിയ ഒരു ആധ്യാത്മികാചാര്യന്റെ വാക്കു കളാണ് അന്നു ശ്രോതാക്കൾ കേട്ടത്. നവഭാരതം കെട്ടിപ്പടുക്കു ന്നതിൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും രാഷ്ട്രകവി രവീന്ദ്രനാഥ ടാഗോറും രാഷ്ട്രശില്പി ജവഹർലാൽ നെഹ്റുവും വഹിച്ച പങ്കിനെക്കുറിച്ചൊക്കെ ബാവ ആധികാരികമായി സംസാരിച്ചപ്പോൾ ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധം ശ്രോതാക്കളെ അത്ഭുതം കൊള്ളിച്ചു.

നാലു തവണ കേരളത്തിൽ സന്ദർശനത്തിനെത്തിയിട്ടുള്ള സഖാ പ്രഥമൻ ബാവയ്ക്ക് ഈ നാടിനോടും ഇവിടത്തെ ജനങ്ങളോടും എന്നും പ്രത്യേകമായൊരു സ്നേഹവും വാത്സല്യവുമുണ്ടായിരുന്നു. ആത്മീയതയുടെ തേജസു സ്ഫുരിക്കുന്ന വ്യക്തിത്വവും ശാന്തസുന്ദരവും ക്രൈസ്തവചൈതന്യം തുടിക്കുന്നതുമായ വാക്കു കളും അദ്ദേഹത്തെ ദർശിക്കുകയും ശ്രവിക്കുകയും ചെയ്തിട്ടുള്ള ആർക്കും മറക്കാനാവില്ല. ഒരിക്കൽക്കൂടി കേരളം സന്ദർശിക്കാനുള്ള ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും ശാരീരികാസ്വാസ്ഥ്യങ്ങൾമൂലം അദ്ദേഹമതു വേണ്ടെന്നു വയ്ക്കുകയായിരുന്നു.

കേരള സന്ദർശന മധ്യേ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ രണ്ടു തവണ ദീപിക സന്ദർശിച്ചിരുന്നു. 1982 ഫെബ്രുവരി 22നു കോട്ടയത്തു ദീപിക അങ്കണത്തിൽ ഒരുക്കിയ സ്വീകരണത്തിൽ, പത്രപ്രവർത്തനരംഗത്തെക്കുറിച്ചു വളരെ വിശദമായി ബാവ സംസാരിക്കുകയുണ്ടായി. വിവിധ വിഷയങ്ങളിൽ പഠനം നടത്തി യിട്ടുള്ള അദ്ദഹം പത്രപ്രവർത്തനത്തിലും പരിശീലനം നേടിയിരുന്നു. പത്രപ്രവർത്തന മേഖലയിൽ ദീപിക വെട്ടിത്തുറന്ന സവിശേഷമായ പാതയെക്കുറിച്ചും ക്രിസ്തീയമായ ആദർശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ ദീപിക കാണിക്കുന്ന ആർജവത്തെക്കുറിച്ചും അദ്ദേഹം അന്ന് എടുത്തുപറയുകയുണ്ടായി. സാധാരണക്കാരന്റെ മനോചക്രവാളം വികസിപ്പിക്കേണ്ട പത്രങ്ങൾ പലപ്പോഴും അതു ചുരുക്കുകയാണു ചെയ്യുന്നതെന്നും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ഒരു മാധ്യമവിശകലന വിദഗ്ധന്റെ പാടവത്തോടെ അദ്ദേഹം വിശദീകരിച്ചു. യുവമനസുകളിൽ ദുഷ്പ്രേരണ ചെലുത്തും വിധം കുറ്റകൃത്യ ങ്ങളും മറ്റും റിപ്പോർട്ട് ചെയ്യുന്ന പ്രവണത കളെക്കുറിച്ചു നവമാ ധ്യമ വിസ്ഫോടനത്തിനു മുമ്പുള്ള ആ കാലയളവിൽത്തന്നെ ചില മുന്നറിയിപ്പുകൾ ബാവയുടെ വാക്കുകളിൽ മുഴങ്ങിയിരുന്നു.

ആഴത്തിലുള്ള ആധ്യാത്മികതയും തുറന്ന സമീപനവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളോടുമുള്ള ആർദ്രതയും സഖാ പ്രഥമൻ ബാവയെ വ്യത്യസ്തനായൊരു ആചാര്യശ്രേഷ്ഠനാക്കി. ഡമാസ്കസിൽ ജനം അനുഭവിക്കുന്ന കൊടിയ ദുരിതങ്ങളിൽ ഏറെ മനംനൊന്ത ബാവ, സിറിയയിലെ സമാധാനത്തിനുവേണ്ടി തന്റെ അനാരോഗ്യകാലത്തും ഏറെ പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്തു. സഭയിലും സമൂഹത്തിലും സമാധാനം സ്ഥാപിക്കാനും അതിലൂടെ യഥാർഥ ക്രൈസ്തവികത പകർന്നുകൊടുക്കാനും ജീവിതം ഉഴിഞ്ഞുവച്ച സഖാ പ്രഥമൻ ബാവയുടെ വിയോഗത്തിൽ വിവിധ ജനവിഭാഗങ്ങളോടൊപ്പം ദീപികയും അഗാധമായി ദുഃഖി ക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.



പ. ബാവയുടെ ഏറ്റവും കൂടുതൽ ചിത്രങ്ങളെടുത്തിട്ടുള്ള ഏലിയാസ് മറ്റപ്പിള്ളി



പ. ബാവ കെ. കരുണാകരനൊപ്പം



പ. ബാവ തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തരുനാളിനൊപ്പം



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ സ്ഥാനാരോഹണത്തിന് പ. ബാവ കാർമ്മികത്വം വഹിക്കുന്നു




പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ പ. പിതാവിന്റെ ചിത്രം വിശ്വാസികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാനായി ഒരുക്കിയിരിക്കുന്നു



ப. പാത്രിയർക്കീസ് ബാവ ഭാരതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സമാധിമണ്ഡപത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു




പ. പാത്രിയർക്കീസ് ബാവ ഭാരതത്തിന്റെ ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനിയോടൊപ്പം



പ. പാത്രിയർക്കീസ് ബാവ ഭാരതത്തിന്റെ കോൺഗ്രസ് പ്രസിഡന്റ് സോണിയാഗാന്ധിക്കൊപ്പം

# സഭയുടെ നവയുഗ ശിൽപി

**ഡോ. ഡി. ബാബു പോൾ**



ഡോ.ഡി. ബാബുപോളും പ. പാത്രിയർക്കീസ് ബാവയും

എന്റെ അപ്പൻ മരിച്ചപ്പോൾ ഞാൻ ബാവായോടു പറഞ്ഞു. ഇനി എനിക്ക് പാത്രിയർക്കീസ് എന്ന ഒറ്റ അപ്പനെയുള്ളൂവെന്ന്. അപ്പോൾ ബാവ കൽപ്പിച്ചു. നിനക്ക് ഈ അപ്പന്റെ സംരക്ഷണം ഒരിക്കലും നഷ്ടപ്പെടില്ല. 26 വർഷം കഴിഞ്ഞു അതു പറഞ്ഞിട്ട് ആ സംരക്ഷണവും നഷ്ടപ്പെട്ടിരിക്കുന്നു. എങ്കിലും എനിക്കുറപ്പുണ്ട് 26 വർഷം മുമ്പ് മരിച്ച പി.എ. പൗലോസ് കോർഎപ്പിസ്കോപ്പ ഇന്നും എന്നെ സംരക്ഷിക്കുന്നതുപോലെ, ഇന്നലെ കാലം ചെയ്ത എന്റെ സ്വന്തം ബാവാ സഖാ പ്രഥമൻ ഞാൻ ആയുസോടെ ഇരിക്കുംകാലം എന്റെ പിതാവായി എന്നെ സംരക്ഷിക്കുമെന്ന്. 34 വർഷം നീണ്ട തീവ്രമായ വ്യക്തിബന്ധത്തിനാണു യവനിക വീണത്. കലർപ്പില്ലാത്ത സ്നേഹമാണ് ഞാൻ അനുഭവിച്ചത്. ആ വാത്സല്യത്തെക്കുറിച്ചുള്ള ഓർമ്മകളാണ് ഇപ്പോൾ എന്റെ ആശ്രയം.

1980 സെപ്റ്റംബർ 14 നാണ് സഖാ എന്ന പാത്രിയർക്കീസ് സ്ഥാനാരോഹണം ചെയ്തത്. ദമാസ്കസിലെ കത്തീഡ്രലിൽ ഞാൻ അതിനു സാക്ഷിയായി. ഇന്ത്യയിലെ സഭയെ പ്രതിനിധികരിച്ച് ബാവയെ അനുമോദിച്ച് പ്രസംഗിച്ചത് ഞാനായിരുന്നു. അന്ന് വിദൂരമായിരുന്ന 21-ാം നൂറ്റാണ്ടിനെക്കുറിച്ച് ഞാൻ പ്രസംഗത്തിൽ പറഞ്ഞത് പ. പിതാവിനെ ആകർഷിച്ചു. അവിടെയാണ് ഞങ്ങളുടെ ബന്ധത്തിന്റെ തുടക്കം. മഹാപണ്ഡിതചനായിരുന്നു ബാവ. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ യുവാവായ റമ്പാൻ എന്ന നിലയിൽ അദ്ദേഹം നിരീക്ഷകനായിരുന്നു. വളരെ വൈകാതെ ചെറുപ്പത്തിൽതന്നേ മെത്രാനായി. ബാഗ്ദാദിൽ ആർച്ച് ബിഷപ്പായിരുന്ന കാലത്ത് ഇപ്പോൾ സോണിയ ഗാന്ധി അധ്യക്ഷയായി നമുക്ക് ഇന്ത്യയിലുള്ളതുപോലെ ഒരു ദേശീയ ഉപദേശകസമിതിയുണ്ടായിരുന്നു. ഇറാഖിലെ 12 പ്രമുഖ പണ്ഡിതന്മാരായിരുന്നു അതിലെ അംഗങ്ങൾ. അതിൽ ഒരാൾ സഖാ മാർ സേവേറിയോസ് എന്ന മെത്രാപ്പോലീത്തയായിരുന്നു. അദ്ദേഹം പാത്രിയക്കീസായി അവരോധിക്കപ്പെട്ട് സിറിയയിൽ താമസം മാറ്റുന്നതുവരെ പ്രസിഡന്റിന്റെ ഉപദേശക സമിതിയിൽ തുടർന്നു.

സിറിയൻ ഓർത്തഡോക്സ് സഭയിൽനിന്നു പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ആദ്യത്തെ പാത്രിയർക്കീസായിരുന്നു സഖാ ബാവ. അദ്ദേഹം പാത്രിയർക്കീസായപ്പോൾ ഉന്നതമായ വിദ്യാഭ്യാസത്തിനു ഗ്രീസ്, റോം, ലുവെയിൻ, പാരീസ്, ന്യൂയോർക്ക് തുടങ്ങിയ പ്രശസ്ത വിദ്യാഭ്യാസ കേന്ദ്രങ്ങളിലേക്ക് വൈദികരെ ഉപരിപഠനത്തിനയച്ചു. ഇപ്പോൾ വിദ്യാസമ്പന്നരായ മെത്രാന്മാരാണ് ഈ സഭയിൽ എല്ലാവരും.

മധ്യ-പൗരസ്ത്യദേശത്തുനിന്നു യൂറോപ്പിലേക്കും അമേരിക്കയിലേക്കും കുടിയേറിയ ആളുകൾ അസംഖ്യമാണ്. അവരുടെ മക്കൾ ഇന്നു സഭയോടു മാതാപിതാക്കന്മാരെപ്പോലെ തന്നെ സ്നേഹമുള്ളവരായി വർത്തിക്കുന്നത്, 21-ാം നൂറ്റാണ്ടിലെ .യുവജനങ്ങൾക്കു സഭയോടു താൽപര്യം തോന്നുന്ന രീതിയിൽ ഈ സഭയെ നയിക്കാൻ പ. സഖാ പാത്രിയർക്കീസിന് കഴിഞ്ഞതുകൊണ്ടാണ്. അമേരിക്കയിലെയും യുറോപ്പിലെയും സുറിയാനി യുവജനങ്ങളുടെ സഭാസ്നേഹമാണു പ. സഖാ ബാവായുടെ ശ്രേഷ്ഠ നേതൃത്വത്തിനുള്ള സാക്ഷ്യപത്രം.

മറ്റു സഭകളുമായുള്ള ബന്ധത്തിൽ പ. സഖാ ബാവ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പശ്ചിമേഷ്യയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുമായി പതിനൊന്നാം നൂറ്റാണ്ടു മുതൽ നിലനിന്ന അനേകം തർക്കങ്ങൾക്കു ബാവ പരിഹാര മുണ്ടാക്കി. കത്തോലിക്ക സഭയുമായി 1500 വർഷം നീണ്ട പ്രശ്നത്തിന് അന്തിമപരിഹാരമുണ്ടാക്കി. പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഉൾപ്പെടുന്ന ലോക സഭാ കൗൺസിലിൽ ബാവ പ്രസിഡന്റായി, ഓർത്തഡോക്സ് സഭയും കത്തോലിക്കസഭയും ചേർന്ന പ്രോ-ഓറിയന്റേയുടെ വിശിഷ്ടാംഗത്വം 30 വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിനു ലഭിച്ചതാണ്.

മലങ്കര സഭയിൽ അഭിപ്രായ ഭിന്നതകൾ തുടരുന്നതിൽ ബാവ അത്യന്തം ദുഃഖിതനായിരുന്നു. അത് പരിഹരിക്കാൻ വേണ്ട നടപടികൾ മലങ്കരയിലാണ്. ഉണ്ടാകേണ്ടത് എന്നതുകൊണ്ടാണ് ബാവ മുൻകൈയെടുക്കാതിരുന്നത്. 1982 ൽ ആദ്യത്തെ മലങ്കര സന്ദർശനത്തിൽ തന്നെ എറണാകുളത്ത് നടത്തിയ ആദ്യത്തെ പ്രസംഗത്തിനും സഭാ സമാധാനത്തിനും വാതിലുകൾ തുറന്നുട്ടിരിക്കുന്നുവെന്ന് ബാവ പ്രഖ്യാപിച്ചു. മറുവിഭാഗത്തിന്റെ ആസ്ഥാനമായ കോട്ടയത്തു നടത്തിയ പ്രസംഗത്തിൽ താനോ തന്റെ മുൻഗാമികളോ മറുവിഭാഗത്തിന്റെ വികാരങ്ങളെ വ്യണപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനു മാപ്പു ചോദിക്കുന്നതായി പരസ്യമായി പറഞ്ഞു. കോട്ടയത്തു താമസിച്ച ദിവസങ്ങളിൽ ദേവലോകത്തു പോകാൻ ബാവയ്ക്കു താൽപര്യമുണ്ടായിരുന്നു. ഞാനായിരുന്നു ദൂതൻ. ദേവലോകത്തിന്റെ പ്രതികരണം പുച്ഛവും, പരിഹാസവും നിറഞ്ഞതായിരുന്നു. അതു ബാവായെ വളരെ വളരെ ദുഃഖിപ്പിച്ചു.

1995 ൽ സുപ്രീംകോടതി വിധി വന്നപ്പോൾ ബാവ ആ വിധി പൂർണമായി അംഗീകരിച്ചു. നിർഭാഗ്യവശാൽ മറുവിഭാഗം പ്രതികരിച്ചത് അനുകൂലമായിട്ടല്ല, ഭാരതത്തിലെ സഭയുടെ ഉൾഭരണം 1934 ലെ ഭരണഘടനയനുസരിച്ച് ആക്കുന്നതിൽ ബാവയ്ക്കു വിരോധമുണ്ടായിരുന്നില്ല. എന്നാൽ സുപ്രീംകോടതി വിധി തന്നെ പ.ബാവയ്ക്കു നൽകിയ ആത്മീയ മേലധ്യക്ഷസ്ഥാനം അംഗീകരിക്കാനുള്ള നിയമവിധേയത്വമോ ക്രിസ്തീയവിനയമോ ദേവലോകം കാണിച്ചില്ല. സുപ്രീംകോടതിവിധി ഭാഗികമായി നടപ്പാക്കാനുള്ളതല്ലെന്നും അതു പൂർണമായി അവർ സമ്മതിക്കുന്നതുവരെ നാം ഒന്നും ചെയ്യേണ്ടെന്നും ഞാനാണു പ. ബാവായെ ഉപദേശിച്ചത്. അതുപോലും മനസില്ലാമനസോടെയാണ് പ. ബാവ അംഗീകരിച്ചത്. അത്രത്തോളം സ്നേഹം മലങ്കര സഭയോട് അദ്ദേഹത്തിനുണ്ടായിരുന്നു.

ഏറ്റവും ഒടുവിൽ കഴിഞ്ഞ വർഷം തമ്മിൽ കണ്ടപ്പോൾ മാർത്തോമസഭയുമായി ബന്ധം നേരെയാക്കണമെന്ന് എന്നോടു കൽപ്പിക്കുകയുണ്ടായി. വിശ്വാസസംബന്ധമായി കാര്യങ്ങൾ പ്രകടമായ വ്യത്യാസമുള്ളതുകൊണ്ട് അത് എളുപ്പമായിരിക്കില്ലെന്ന് ഞാൻ ബോധിപ്പിച്ചു. ബാവ നിരാശനായില്ല. എന്നോട് പറഞ്ഞത് മാർത്തോമ സഭയുമായി ചർച്ചകൾ തുടങ്ങാൻ ഒരു ജോയിന്റ് കമ്മിഷനെ വയ്ക്കണമെന്നായിരുന്നു. അതോടൊപ്പം മാർത്തോമാ സഭയുടെ ഉപയോഗത്തിനുവേണ്ടി വി.മൂറോൻ കൂദാശ ചെയ്തു നൽകാൻ ബാവ പ്രാർത്ഥനാപൂർവ്വം ചിന്തിക്കുകയും ചെയ്തു. ബാവയുമായുള്ള ഈ സംസാരം ഞാൻ മാർത്തോമാ സഭാ നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. പ. പാത്രിയർക്കീസ് ബാവയുടെ അനാരോഗ്യമാണ് കമ്മിഷൻ നിയമനം വൈകിപ്പിച്ചത്. മരാമൺ കൺവെൻഷനിൽ സംബന്ധിച്ച് മാർത്തോമ സഭയുമായുള്ള ബന്ധം സാധാരണഗതിയിലാക്കിയ സമാധാനപ്രഭുവായിരുന്നല്ലോ, സഖാ ബാവ. സഭയുടെ ചരിത്രത്തിൽ ഇത്രയും ദീർഘകാലം പാത്രിയർക്കീസായി വാഴാൻ ഇതിനു മുമ്പു നാലു പേർക്കു മാത്രമാണ് സാധിച്ചിട്ടുള്ളത്. പ. സഖാ ബാവായുടെ ആരോഗ്യനില തിരിച്ചുവരവ് അസാധ്യമാകുന്ന രീതിയിൽ മോശമാകയും ചെയ്തിരുന്നു. അതുകൊണ്ട് വ്യക്തിപരമായ ദുഃഖം ഉള്ളിലൊതുക്കാൻ യുക്തിബോധം എന്നെ നിർബന്ധിക്കുന്നു. സഭയുടെ നവയുഗശിൽപ്പിയുടെ സ്മരണയെ ഞാൻ അഭിവാദ്യം ചെയ്യുന്നു. പ. പിതാവേ സമാധാനത്തോടെ പോകാം. ഏറെ വൈകാതെ ഞാനും അങ്ങ് വരുമല്ലോ? അപ്പോൾ വീണ്ടും കാണാം. ആ കൈ ഒന്നുകൂടി ഇങ്ങോട്ടു നീട്ടുക, അനുഗ്രഹം നിറഞ്ഞ ആ കൈത്തലം അവസാനമായി ഞാൻ ഒന്നു ചുംബിച്ചുകൊള്ളട്ടെ. ശേലോം, ബസ്ലോമ ബാറെക്മോർ മോറാൻ. പരിശുദ്ധ പിതാവേ സമാധാനത്തോടെ പോകാം.

# ആത്മീയ തേജസിന്റെ ആൾരൂപം




**ഡോ. സിറിയക് തോമസ്**

ദേശീയ ന്യൂനപക്ഷകമ്മീഷനംഗം

യാക്കോബായ സഭയുടെ പരമോന്നത പിതാവിനെ രണ്ടു തവണ നേരിൽ കണ്ട് അനുഗ്രഹം വാങ്ങാനും ആ തണലിൽ അദ്ദേഹത്തിനൊപ്പം ഇരിക്കാനും ഭാഗ്യം സിദ്ധിച്ചത് ഏറെ ദൈവാനുഗ്രഹമായി കരുതുന്നു. പിതാവ് കേരളസഭയിൽ സന്ദർശനം നടത്തിയ അവസരത്തിലാണ് രണ്ട് തവണ കാണാൻ അവസരം ലഭിച്ചത്. പുത്തൻകുരിശിലെ പാത്രിയർക്ക സെന്ററിലായിരുന്നു ആദ്യ സന്ദർശനം.

അവിടത്തെ ബാവ തന്നെ പരിചയപ്പെടുത്തിയപ്പോൾ കൈ തലയിൽവച്ച് അനുഗ്രഹിച്ചു. മുൻപ് കണ്ട പരിചയം പുതുക്കിയപ്പോൾ അടുത്തിരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മടിച്ചപ്പോൾ നിർബന്ധിച്ച് അടുത്തിരുത്തി. മുൻ വൈസ് ചാൻസിലറാണെന്ന് പരിചയപ്പെടുത്തിയപ്പോൾ സർക്കാർ യൂണിവേഴ്സിറ്റിയാണോ, ക്രിസ്തീയസഭാ യൂണിവേഴ്സിറ്റിയാണോ എന്ന് ചോദിച്ചു. സർക്കാർ യൂണിവേഴ്സിറ്റി എന്നു പറഞ്ഞപ്പോൾ പുഞ്ചിരിച്ചുകൊണ്ട് അനുഗ്രഹിച്ചു. തുടർന്ന് പിതാവിന്റെ കൈ മുത്തു കല്ലിൽ നിർമ്മിച്ച മനോഹരമായ ഒരു കുരിശ് എനിക്ക് സമ്മാനിക്കുകയും ചെയ്തു. വീട്ടിൽ ഇപ്പോഴും അത് ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. നിഷ്കളങ്കമായ മുഖ പ്രസാദവും, അസാമാന്യമായ ഭാവവും പ്രസരിക്കുന്ന പിതാവിനെ ദർശിച്ചപ്പോൾ ലഭിച്ച ചൈതന്യം അവാച്യമാണ്. അദ്ദേഹം പകർന്നു നൽകിയ ഊർജ്ജമാണ് സഭയുടെ ഉത്തുംഗമായ നവചൈതന്യം.

മലയാള മനോരമ



**എഡിറ്റോറിയൽ**

## നൈർമല്യത്തിന്റെ നറുപുഞ്ചിരി

### കാലം ചെയ്തത് വെല്ലുവിളികളെ നേരിട്ട സമാധാനദൂതൻ

പൗരസ്ത്യ ക്രൈസ്തവ സഭാ ചരിത്രത്തിൽ ഒരു യുഗം വഴി മാറുകയാണ്. രണ്ടു മൂറ്റാണ്ടിനിടയിൽ അന്ത്യോഖ്യ സുറിയാനി സഭയ്ക്ക് ഏറ്റവും കൂടുതൽ കാലം നേതൃത്വം നൽകിയ പാത്രിയർക്കീസാണ് കാലം ചെയ്ത പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ.

ഇറാഖിലെയും സിറിയയിലെയും യുദ്ധവും അതു സൃഷ്ടിച്ച അസമാധാനവും വെല്ലുവിളികളായി മുന്നിൽ വന്നപ്പോൾ ആത്മീയ ജീവിതം നൽകിയ കരുത്താൽ അവയെ നേരിടാൻ കഴിഞ്ഞതാണു പ. ബാവായെ ശ്രദ്ധേയനാക്കുന്നത്. ഇറാഖിലെ മൊസൂൾ പട്ടണത്തിൽ ജനിച്ച അദ്ദേഹത്തിനു ജന്മനാടിനെയും സ്വന്തം ജനങ്ങളെയും യുദ്ധം തകർത്തെറിയുന്നതു കണ്ടു നിൽക്കേണ്ടിവന്നു. അമേരിക്കയുടെ ആക്രമണസമയത്ത് അവിടെനിന്ന് അഭയാർഥികളായി സിറിയയിലെത്തിയവർക്കു വേണ്ട സൗകര്യങ്ങളൊരുക്കാനും ഭാവിജീവിതത്തിനുള്ള ഉപാധികൾ കണ്ടെത്താനും ബാവാ മുന്നിട്ടിറങ്ങി. പ്രായമായവരെ താമസിപ്പിക്കാൻ സിറിയയിൽ വൃദ്ധമന്ദിരങ്ങൾ പണി കഴിപ്പിച്ചു. ബാവായുടെ ഒരു സഹോദരി തന്നെ താമസിച്ചിരുന്നത് അവിടെയായിരുന്നു.

ഇതര സഭകളുമായും സമുദായങ്ങളുമായും ഉറ്റബന്ധം സ്ഥാപിച്ച ബാവാ മറ്റു മതങ്ങളെയും വിശ്വാസങ്ങളെയും ഏറെ ബഹുമാനിച്ചു. മതാന്തര സംവാദത്തിൽ വിശ്വസിച്ച അദ്ദേഹത്തിന്റെ മേശപ്പുറത്തു ബൈബിളിനൊപ്പം ഭഗവദ്ഗീതയും ഖുർആനും ഉണ്ടായിരുന്നു. റോമൻ കത്തോലിക്കാ സഭയുമായി ദൃഢബന്ധം സ്ഥാപിച്ച ബാവാ കൂദാശകൾ പരസ്പരം സ്വീകരിക്കുന്നതിനു ജോൺപോൺ രണ്ടാമൻ മാർപാപ്പയുമായി ഉടമ്പടി ഒപ്പുവച്ചു. ഗ്രീക്ക് ഓർത്തഡോക്സ് സഭയുമായുണ്ടായിരുന്ന തർക്കങ്ങൾക്കു പരിഹാരം കണ്ടു.

പാത്രിയർക്കീസായശേഷം നാലുതവണ കേരളം സന്ദർശിച്ചിട്ടുള്ള ബാവ ഇവിടത്തെ സഭാതർക്കങ്ങൾക്കു ശാശ്വത പരിഹാരമുണ്ടാക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. കേരളത്തിൽ സഭ രണ്ടുവിഭാഗങ്ങളായി നൽക്കുമ്പോഴും എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിച്ചിരുന്നു.

ഭാരതത്തിന്റെ അപ്പസ്തോലനായ വി. മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്തതാണ് ബാവായുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ മുഹൂർത്തം. ബാവാ മൊസൂൾ ആർച്ച് ബിഷപ്പായിരിക്കുമ്പോൾ അവിടത്തെ സെന്റ് തോമസ് കത്തീഡ്രലിന്റെ ഭിത്തിയിൽ തിരുശേഷിപ്പു കണ്ടെത്തുകയായിരുന്നു. ഇതിന്റെ ഒരംശം ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ സ്ഥാപിച്ചിട്ടുണ്ട്.

പ്രാർത്ഥനാമനുഷ്യനായ ബാവ ലാളിത്യത്തിന്റെയും വിനയത്തിന്റെയും ആൾരൂപമായിരുന്നു. സമാധാനമില്ലാത്തിടത്തു പ്രകാശം പരത്തുന്ന വിശിഷ്ട വ്യക്തിത്വം ഇറാഖിലെ അസമാധാനത്തിനു പിന്നാലെ സിറിയയിലെ യുദ്ധംമൂലം അരമനയും സഭാആസ്ഥാനവും ഉപേക്ഷിച്ചു ലബനോനിലേയ്ക്കു താമസം മാറ്റേണ്ടി വന്നപ്പോഴും വെല്ലുവിളികളെ പുഞ്ചിരിയോടെ നേരിട്ടു.

ഒരു മനുഷ്യായിസ്സു മുഴുവൻ ദൈവ വഴികളിൽ നടക്കുകയും സമസൃഷ്ടികൾക്ക് സ്നേഹവും കാരുണ്യവും പകർന്നു കൊടുക്കുകയും ചെയ്ത ബാവാ കാലയവനികയ്ക്കുള്ളിൽ മറയുമ്പോൾ അവശേഷിപ്പിക്കുന്നതു സ്നേഹത്തിന്റെയും കരുണയുടെയും ജീവിതമൂല്യങ്ങളുടെയും തിരുശേഷിപ്പുകളാണ്. ഒപ്പം അദ്ദേഹത്തെ സ്നേഹിച്ചവരുടെ മനസ്സിൽ അവശേഷിക്കുന്നത് ആ പുഞ്ചിരിയുടെ നറുവെട്ടവും.



പ. പാത്രിയർക്കീസ് ബാവ ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിംങ്ങിനെ സന്ദർശിച്ചപ്പോൾ



പ. പാത്രിയർക്കീസ് ബാവ ഭാരതത്തിന്റെ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാമിനെ സന്ദർശിച്ചപ്പോൾ



പ. പാത്രിയർക്കീസ് ബാവ ഭാരതത്തിന്റെ ഉപരാഷ്ട്രപതി ശിഖാവത്തിനെ സന്ദർശിച്ചപ്പോൾ



പ. പാത്രിയർക്കീസ് ബാവയെ ജോൺപോൾ മാർപാപ്പ രണ്ടാമൻ ദമാസ്കസിലെ പാത്രിയർക്കാ അരമനയിൽ സന്ദർശിച്ചപ്പോൾ...



ജോൺപോൾ രണ്ടാമൻ മാർപാപ്പയെ പ. പാത്രിയർക്കീസ് ബാവ റോമിൽ സന്ദർശിച്ചപ്പോൾ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ, ഡോ. ഡി. ബാബു പോൾ എന്നിവർ സമീപം..



ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പയും പ. പാത്രിയർക്കീസ് ബാവയും റോമിൽ സന്ദർശിച്ചപ്പോൾ...

# പരിശുദ്ധാത്മാവിന്റെ അനുഗ്രഹ സ്പർശം നേടിയ ബാവ

**ജസ്റ്റിസ് കെ.ടി. തോമസ്**

പാത്രിയർക്കീസ് ബാവ പരിശുദ്ധാത്മാവിന്റെ അനുഗ്രഹ സ്പർശം ലഭിച്ചയാളാണ് എന്നതിൽ സംശയമില്ല. ഞാൻ ജില്ലാ ജഡ്ജിയായിരുന്ന സമയത്താണ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. കോഴിക്കോടുവച്ചായിരുന്നു ആ കൂടിക്കാഴ്ച. അന്ന് അനുഗ്രഹം മേടിച്ചിറങ്ങുമ്പോൾ എന്നോട് ചോദിച്ചു.

നിങ്ങളുടെ അടുത്ത പോസ്റ്റ് എന്താണ്. ഞാൻ പറഞ്ഞു, ഹൈക്കോടതി ജഡ്ജി, ഉടൻ അദ്ദേഹം പറഞ്ഞു, അതല്ല, നിങ്ങൾ സുപ്രീംകോടതി ജഡ്ജിയാവും ഉണ്ടാകുന്ന കുഞ്ഞിനെ കാണുമ്പോൾ ഇവൻ ഇന്ത്യൻ പ്രധാനമന്ത്രിവരെയാവുമെന്ന് നമ്മൾ ആശംസിക്കാറുണ്ടല്ലോ. അതു പോലെ അദ്ദേഹം ഒരു ആശംസ നൽകിയതാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ വർഷങ്ങൾക്കു ശേഷം ഞാൻ സുപ്രീം കോടതി ജഡ്ജിയാവുക തന്നെ ചെയ്തു. ചുമതലയേറ്റ ശേഷം ഞാൻ കേരളത്തിലെത്തുമ്പോൾ ദമാസ്കസിൽ നിന്നൊരു കത്തു വന്നു കിടക്കുന്നു. തോമസ് സുപ്രീംകോടതി ജഡ്ജിയാവുമെന്ന് ഞാൻ പറഞ്ഞിരുന്നില്ലേ, പരിശുദ്ധാത്മാവ് അപ്പോൾ എന്നെ തോന്നിച്ചതായിരുന്നു അത്. ആ വെളിപാട് നടപ്പായതിൽ ദൈവത്തിനു നന്ദി പറയുന്നുവെന്നായിരുന്നു അതിൽ രേഖപ്പെടുത്തിയിരുന്നത്. പിന്നീട് അദ്ദേഹത്തെ കൂടുതൽ അറിയുകയായിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിൽ ഏറ്റവും കൂടുതൽ വർഷമിരുന്നിട്ടും ആരും ഒരു ആരോപണം പോലും ഉന്നയിച്ചിട്ടില്ലാത്ത മനുഷ്യൻ, വിമർശിക്കുന്നവരോടു പോലും സ്നേഹത്തോടെയുള്ള പെരുമാറ്റം. അറിഞ്ഞിട്ടുള്ളവരിൽ അതി വിശുദ്ധനായ മനുഷ്യൻ, വിശേഷണങ്ങൾക്ക് അതീതൻ, കേരളത്തിൽ വന്നപ്പോൾ എനിക്ക് അദ്ദേഹം ഒരു അവാർഡ് നൽകുകയും ചെയ്തിരുന്നു. ദമാസ്കസിൽ നിന്ന് അദ്ദേഹം കാലം ചെയ്ത വാർത്ത കേട്ടപ്പോൾ മുതൽ എന്റെ കൺമുൻപിൽ നിറയുന്നത് അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളാണ്. ഓർമ്മച്ചിത്രങ്ങളിൽ കരുണ നിറഞ്ഞ ആ മുഖം എന്റെ ജീവിതത്തിലെ വിലയേറിയ സമ്പാദ്യമായി ഇന്നും ഞാൻ അദ്ദേഹത്തിന്റെ കത്ത് സൂക്ഷിക്കുന്നു. ഒപ്പം വിശ്വസിക്കുന്നു. ബാവായിലൂടെ എന്റെ ഉന്നതി കാട്ടിത്തന്നത് പരിശുദ്ധാത്മാവു തന്നെ.



# സ്നേഹത്തിന്റെയും നീതിയുടെയും പ്രവാചകൻ

**ഡോ. ഗീവർഗീസ് മോർ കൂറിലോസ്**

ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമ മേലധ്യക്ഷൻ പ. അന്തോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ ജർമനിയിൽ കാലം ചെയ്ത വാർത്ത തീവ്രമായ വേദനയോടും വലിയ നഷ്ടബോധത്തോടും കൂടെയാണ് മലങ്കരസഭ ശ്രവിച്ചത്. 1933 ഏപ്രിൽ 21ന് ഇറാഖിലെ മൂസലിൽ ജനിച്ച ബാവാ 1980 സെപ്തംബർ 14ന് സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും പ. പത്രോസിനടുത്ത അന്തോഖ്യാ സിംഹാസനത്തിന്റെ 122-ാമത് അവകാശിയുമായി സ്ഥാനമേറ്റു. മെത്രാപ്പൊലീത്തയായി 51 വർഷവും പാത്രിയർക്കീസായി 34 വർഷവും പ്രശോഭിച്ച ഇടയന്മാരുടെ ഇടയശ്രേഷ്ഠൻ സുറിയാനി ഓർത്തഡോക്സ് സഭയുടെ എല്ലാ വികസനത്തിന്റെയും വളർച്ചയുടെയും ശിൽപിയും നിദാനവുമാണ്. 21-ാം നൂറ്റാണ്ടിൽ സഭ എങ്ങനെയായിരിക്കണമെന്ന് ഉത്തമ ദർശനം പിതാവിനുണ്ടായിരുന്നു. സഭയെ ആധുനികവൽക്കരിക്കാൻ സമഗ്രമായ സംഭാവനകൾ ബാവാ ചെയ്തു. ദമാസ്കസിലെ ആധുനിക സൗകര്യങ്ങളോടുകൂടിയ പാട്രിയാർക്കേറ്റും ലോകോത്തര നിലവാരമുള്ള വൈദിക സെമിനാരിയും സെന്റ് എഫ്രേം ദയറായും എല്ലാം പിതാവിന്റെ ദർശനത്തിന്റെ ഉൽപ്പന്നങ്ങളാണ്. അറബിഭാഷ, സാഹിത്യം ക്രിസ്തീയ ദൈവശാസ്ത്രം,തത്വചിന്ത തുടങ്ങിയ മേഖലകളിൽ വിദേശ സർവകലാശാലകളുടെ ഉൾപ്പെടെ നിരവധി ഡോക്ടറേറ്റുകൾ സമ്പാദിച്ച അദ്ദേഹം ഉയർന്ന വിദ്യാഭ്യാസമുള്ള ബിഷപ്പുമാരെയും വൈദികരെയും വാർത്തെടുത്തു.



ബാവ എപ്പോഴും നീതിയുടെയും സ്നേഹത്തിന്റെയും കരുണയുടെയും പക്ഷത്തായിരുന്നു. പരിചയപ്പെടുന്ന ആരും സൂര്യതേജസുള്ള ആ മുഖവും ആഴത്തിൽ ഇറങ്ങുന്ന മന്ദഹാസവും ഹൃദയത്തെ സ്പർശിക്കുന്ന സ്നേഹവും കരുതലും മറക്കില്ല. മലങ്കരയിൽ 2004ൽ ശ്ലൈഹിക സന്ദർശനം നടത്തിയപ്പോൾ ബാവായുടെ കേരളത്തിലെ പ്രസംഗങ്ങൾ തയ്യാറാക്കാൻ ഒരുമിച്ചു പങ്കിട്ട നിമിഷങ്ങളും പിന്നീട് ബിഷപ്പായി ബാവയെ സന്ദർശിച്ച ഓരോ അവസരങ്ങളും ഈ സ്നേഹകരുതലുകൾ ഞാൻ ആവോളം ആസ്വദിച്ച നിമിഷങ്ങളായിരുന്നു.

ബാവായുടെ പാവപ്പെട്ടവരോടുള്ള കരുതൽ ആരെയും ആഴത്തിൽ സ്പർശിക്കും. സിറിയയിലെ ആഭ്യന്തരകലാപത്തിൽ വീടും നാടും നഷ്ടപ്പെട്ടവർക്കായി പിതാവ് നടത്തിയ പുനരധിവാസപ്രവർത്തനങ്ങൾ എല്ലാവരെയും വിസ്മയിപ്പിച്ചു. വലിയനോമ്പിന്റെ ഇക്കാലത്ത് താൻ ഒടുവിൽ അയച്ച ചാക്രിയ ലേഖനത്തിലും യഥാർഥ നോമ്പും ഉപവാസവും പാവപ്പെട്ടവരെ കരുതുന്നതും പട്ടിണിക്കാരുമായി ഉള്ളത് പങ്കുവയ്ക്കുന്നതും അനീതിയുടെ ബന്ധനങ്ങളെ തകർക്കുന്നതും ആണ് എന്ന വേദപുസ്തക സത്യം സഭാമക്കളെ ഓർമപ്പെടുത്തി. സാമ്രാജ്യത്വത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ശക്തികൾക്കെതിരെ കർശന നിലപാടുകളെടുത്ത പിതാവിനെയാണ് നമുക്ക് നഷ്ടപ്പെടുന്നത്. തന്റെ സ്വദേശമായ ഇറാഖിൽ അമേരിക്ക നടത്തിയ അധിനിവേശത്തിനെതിരെ സുവ്യക്തമായ സാമ്രാജ്യത്വ വിരുദ്ധ നിലപാടെടുക്കാൻ പിതാവിന് രണ്ടുപ്രാവശ്യം ആലോചിക്കേണ്ടിവന്നിട്ടില്ല. ശക്തമായ ഭാഷയിലാണ് ഇത്തരം അധിനിവേശങ്ങളെ ബാവാ അപലപിച്ചത്.

എക്യുമിനിസത്തിന്റെ ശക്തനായ പ്രവാചകനായിരുന്നു ബാവാ. അഖില ലോകസഭാ കൗൺസിലിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള ബാവാ ആഗോളസഭയിൽ ഐക്യത്തിന്റെ വലിയ വാതായനങ്ങൾ തുറന്നിട്ട രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ നിരീക്ഷകനായി പങ്കെടുത്തു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുമായി 2001ൽ ദമാസ്കസിൽ നടത്തിയ കൂടിക്കാഴ്ചയും ലോക ശ്രദ്ധ നേടി. റോമൻ കത്തോലിക്കാസഭയും സുറിയാനിസഭയും തമ്മിൽ നടന്ന ഐക്യചർച്ചകളും അതുവഴി ഉരുത്തിരിഞ്ഞ സംയുക്ത കമ്യൂണിക്കെയും ഈ ഐക്യപ്രതിബദ്ധതയുടെ സാക്ഷ്യപത്രങ്ങളാണ്. മലങ്കര സഭയിലെ വിഘടന വാദവും തർക്ക വ്യവഹാരങ്ങളും പിതാവിനെ വല്ലാതെ അലട്ടിയിരുന്നു. ഐക്യം യാഥാർത്ഥ്യമാക്കാൻ സ്ഥാനത്യാഗം ചെയ്യാൻപോലും താൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച് അയച്ച ഇടയലേഖനവും മലങ്കരസഭയിൽ ശാശ്വതസമാധാനം ഉണ്ടായിക്കാണാൻ പിതാവ് എത്രമാത്രം ആഗ്രഹിച്ചു എന്നതിന്റെ തെളിവാണ്. നിർഭാഗ്യവശാൽ ഈ ലക്ഷ്യവുമായി മലങ്കരയിൽ വന്ന പ. ഏലിയാസ് തൃതീയൻ ബാവയെപ്പോലെ ആ ലക്ഷ്യം കാണനാവാത്ത ദുഃഖത്തോടെയാണ് പിതാവും വിടവാങ്ങിയത്.

സാഖാ പ്രഥമൻ ബാവാ മതസൗഹാർദത്തിന്റെയും മതനിരപേക്ഷതയുടെയും ശക്തനായ വക്താവായിരുന്നു എല്ലാ മതങ്ങളെയും ആദരിക്കാനുള്ള അദ്ദേഹത്തിന്റെ വലിയ മനസ് എല്ലാവർക്കും മാതൃകയായിരുന്നു. സിറിയയിൽ എല്ലാവർഷവും റമദാൻ നോമ്പുകാലത്ത് ബാവായുടെ അരമനയിൽ മതസൗഹാർദ്ദ ഇഫ്താർ വിരുന്ന് സംഘടിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഇന്ത്യയിൽ നാലുപ്രാവശ്യം സന്ദർശനം നടത്തിയപ്പോഴും തന്റെ പ്രസംഗങ്ങളിലെല്ലാം ഭാരതത്തിന്റെ മതനിരപേക്ഷതയെക്കുറിച്ചും അതിന്റെ ലോകപ്രസക്തിയെക്കുറിച്ചും ഊന്നിപ്പറയുമായിരുന്നു. മലങ്കരസഭയെ ആഴത്തിൽ സ്നേഹിച്ചിരുന്ന ബാവാ അന്തോഖ്യാ മലങ്കര ബന്ധത്തെ കണ്ണിലെ കൃഷ്ണമണി പോലെ കരുതി. മലങ്കരയുടെ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായാൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ട പിതാവ് ഇപ്പോൾ മലങ്കരസഭയുടെ കാതോലിക്കയായ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ വാഴിച്ച് ആ സ്ഥാനത്താക്കിയത്. അന്തോഖ്യാ മലങ്കര ബന്ധത്തിലെ സുവർണ ഏടാണ്. മലങ്കരസഭക്കും ആഗോള സുറിയാനിസഭക്കും നഷ്ടമാകുന്നത് ഏറ്റവും കൂടുതൽ കാലം സഭയെ നയിച്ച ആധുനിക ലോകത്തിൽ സഭയെ കൈപിടിച്ച് നടത്തിയ ശിൽപിയെയും ഇടയശ്രേഷ്ഠനെയുമാണ്, സ്നേഹത്തിന്റെയും നീതിയുടെയും പ്രവാചകനെയാണ്, മതസൗഹാർദ്ദത്തിന്റെ ഉജ്വല ദൃഷ്ടാന്തത്തെയാണ്,വിശാലമാനവികതയുടെയും ഈശ്വരീയതയുടെയും ആൾരൂപത്തെയാണ്. സൂര്യതേജസ് മായുമ്പോൾ ഇരുട്ടുപടരുന്ന അനുഭവം മനസ്സിൽ തോന്നുന്നു.

# ജീവിക്കുന്ന പരിശുദ്ധി

കടപ്പാട് : മലയാള മനോരമ



ജീവിക്കുന്ന പരിശുദ്ധൻ ഇനി സ്വർഗ്ഗലോകത്തിലിരുന്നു വിശ്വാസികൽക്കായി പ്രാർത്ഥിക്കും. കാലംചെയ്ത ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ താൻ കൈവച്ചു പ്രാർത്ഥിക്കുന്നവർക്കു ദൈവകൃപ അക്ഷരാർത്ഥത്തിൽ പകർന്നു നൽകിയ പരിശുദ്ധനായിരുന്നു.

യാക്കോബായ സുറിയാനി സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പറയുന്നു. ഒരു പരിചയവുമില്ലാത്ത ആളാണെങ്കിൽ പോലും പ. പിതാവിനോട് അൽപനേരം സംസാരിച്ചുകഴിഞ്ഞാൽ ആ സ്നേഹത്തിന് അടിമപ്പെടും. അദ്ദേഹം തലയിൽ കൈവച്ചു പ്രാർത്ഥിക്കുമ്പോൾ ആത്മിമായ നിർവൃതി അനുഭവിച്ചറിയാൻ കഴിയും. അത്രയ്ക്കു പരിശുദ്ധനാണ് അദ്ദേഹം.

ലാളിത്യം,സന്തോഷം, ആദരം, നിഷ്കളങ്കത.. ഒരു വിശുദ്ധനു വേണ്ട ഗുണഗണങ്ങളെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. മറ്റുള്ളവരുടെ കാര്യങ്ങളിൽ ഏറെ ശ്രദ്ധ പതിപ്പിക്കുന്ന അദ്ദേഹം ഓരോ അതിഥിയുടെയും സുഖസൗകര്യങ്ങളും ഭക്ഷണരീതികളും സ്വയം അനവേഷിക്കാറുണ്ട്. സന്ദർശകരുടെ പദവിയോ ഉയർച്ച താഴ്ചകളോ പരിഗണിക്കാതെ വളരെ സ്നേഹത്തോടെ സ്വീകരിക്കും. സന്ദർശകർക്ക് എപ്പോൾ വേണമെങ്കിലും അദ്ദേഹത്തിന്റെ താമസസ്ഥലത്തും വരാം. അവരുടെ സ്വഭാവരീതികൾക്ക് അനുസൃതമായി അദ്ദേഹം സംസാരിക്കുകയും പെരുമാറുകയും ചെയ്യും.

യാത്രയിലല്ലെങ്കിൽ പ്രാർത്ഥന, പുസ്തകവായന, അതിഥികളെ സ്വീകരിക്കൽ എന്നിങ്ങനെ ഓരോ കാര്യങ്ങളുമായി എല്ലാ ദിവസവും കൃത്യമായി വീതിക്കുക എന്നത് അദ്ദേഹത്തിന്റെ ചിട്ടയായിരുന്നു. ഇതര ക്രൈസ്തവ സഭകളുമായി ആഗോള സുറിയാനി സഭയെ അടുപ്പിച്ചത് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായായിരുന്നു പ. ബാവായുടെ സ്ഥാനാരോഹണത്തിനു ശേഷം മറ്റു സഭകളുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമായി മതാന്തര സംവാദത്തിൽ അദ്ദേഹം ഏറെ വിശ്വാസമർപ്പിച്ചു. അതിനു ഫലവുമുണ്ടായി.

പ. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2001ൽ ദമസ്കസിലെ പാത്രിയർക്കാ ആസ്ഥാനമായ ബാബ് തൂമ (തോമായുടെ വാതിൽ) യിലെത്തി പ. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ചു. 1984 ൽ വത്തിക്കാൻ സന്ദർശിച്ച പ. പാത്രിയർക്കീസ് ബാവാ മാർപാപ്പായെ കണ്ടിരുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭയുമായും അടുത്ത ബന്ധം പുലർത്തി.

ഫിൻലൻഡിൽ നിന്നു ലൂഥറൻ സഭയുടെ പ്രതിനിധിസംഘം പ. ബാവായെ കാണാൻ വന്ന സന്ദർഭം, അദ്ദേഹത്തിന്റെ ഇതര സഭകളോടുള്ള പ്രത്യേക പരിഗണനയുടെ ഉദാഹരണമായി ചൂണ്ടിക്കാട്ടാറുണ്ട്. സുറിയാനി സൂഥറൻ സഭകൾക്കിടയിൽ അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ തന്നെ ഏറെ വ്യത്യാസമുണ്ട്. സെന്റ് പോളിനെ ജ്ഞാനസ്നാനപ്പെടുത്തിയ സെന്റ് ഹനാനിയെ പള്ളിയിലായിരുന്നു ലൂഥറൻ സംഘത്തിനു സ്വീകരണം ഒരുക്കിയിരുന്നത്. പള്ളിയിൽ ചെല്ലേണ്ട പ്രാർത്ഥനകൾ പ്രത്യേകം തിരഞ്ഞെടുത്തവയായിരുന്നു. സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന എല്ലാവരും ഒരേപോലെ ചൊല്ലി വിശ്വാസപ്രമാണം ഏറ്റുപറയേണ്ട സമയം വന്നപ്പോൾ പ. പിതാവ് പ്രാർത്ഥന മനസ്സിൽ ചൊല്ലാൻ എല്ലാവരോടും അഭ്യർത്ഥിച്ചു. വിശ്വാസപ്രമാണം ഇരുസഭകളുടേതും വ്യത്യസ്തമായതിനാൽ മൗനപ്രാർത്ഥനയാണ് ഉചിതമെന്നു പ. പിതാവിന് അറിയാമായിരുന്നു. നാം തുറന്ന മനസ്ഥിതിയുള്ളവരാവണം, പ. പിതാവ് പിന്നീടു ബിഷപ്പുമാരോടു പറഞ്ഞു.

മറ്റു മതങ്ങളെയും വിശ്വാസങ്ങളെയും അദ്ദേഹം ഏറെ ബഹുമാനിച്ചിരുന്ന മതാന്തര സംവാദങ്ങൾ അദ്ദേഹത്തിനു പ്രിയപ്പെട്ടതാണ്. ഭഗവദ്ഗീതയും ഖുർആനും അദ്ദേഹത്തിന്റെ മേശപ്പുറത്ത് എപ്പോഴുമുണ്ടായിരുന്നു. മുസ്ലീം സമുദായത്തിനാണു സിറിയയിലും മറ്റും പ്രാമുഖ്യം മതാന്തര സംവാദങ്ങൾക്ക് അവിടെ പ്രത്യേക വിഭാഗം തന്നെയുണ്ട്. സിറിയയിലെ ഏറ്റവും പ്രധാന മുസ്ലിം ആരാധനാലയമായ ഉമ്മായദ് മോസ്കിലെ മുഫ്തി ക്രിസ്മസിനും മറ്റും വിശേഷദിവസങ്ങളിലും പ. പിതാവിന് ആശംസ നേരും മുസ്ലീം വിശേഷദിവസങ്ങളിൽ ബാവാ അവരെ പോയി കാണുന്ന പതിവുണ്ടായിരുന്നു. ദുഃഖവെള്ളി, ക്രിസ്മസ്, ഈസ്റ്റർ ദിവസങ്ങളിൽ ബാവായുടെ ആരാധനയും സന്ദേശവും സിറിയൻ റേഡിയോ തൽസമയം സംപ്രേഷണം ചെയ്യുമായിരുന്നു. ക്രിസ്ത്യൻ പള്ളികൾക്കു വൈദ്യുതിയും വെള്ളവും മറ്റും സൗജന്യമാണ്. സഹപ്രവർത്തകരുടെയും തനിക്കായി സേവന മനുഷ്ഠിക്കുന്നവരുടെയും സുഖസൗകര്യങ്ങൾ എപ്പോഴും പാത്രിയർക്കീസ് ബാവാ അന്വേഷിക്കാറുണ്ട്. 1982 ലെ ഇന്ത്യാ സന്ദർശനവേളയിൽ ഒരു ദിവസം താമസിച്ച അതിഥിമന്ദിരത്തിലെ ജോലിക്കാർക്കു സന്തോഷസൂചകമായി എത്ര രൂപ ടിപ്പ് നൽകണമെന്ന് അദ്ദേഹം ഒപ്പമുണ്ടായിരുന്നവരോടു ചോദിച്ചു. ഇന്ത്യയിലെ കണക്കനുസരിച്ച് 250 രൂപ ധാരാളമെന്നായിരുന്നു അവരുടെ മറുപടി പക്ഷേ, തന്റെ കണക്കുപ്രകാരം അതു ധാരാളമല്ലെന്നു പറഞ്ഞ ബാവാ 1000 രൂപ ടിപ്പ് നൽകി. ആ സന്ദർശനവേളയിൽ പത്തോളം അതിഥി മന്ദിരങ്ങളായി ബാവാ 30,000 രൂപയോളം ടിപ്പ് നൽകിയതായി ഡി. ബാബു പോൾ ഓർക്കുന്നു.



പ. പാത്രിയർക്കീസ് ബാവ ലോക ക്രൈസ്തവനേതാക്കളോടൊപ്പം...



പ. പാത്രിയർക്കീസ് ബാവയും അറബ് രാജാവും



# കർമ്മനിരതാനായിരുന്ന പ. പിതാവ്

**ബിജു കുര്യൻ മാത്യു, എഡിറ്റർ വിശ്വാസസംരക്ഷകൻ**

ഇന്നും ഈ ആയുഷ്കാലത്തും നമ്മുടെ അദ്ധ്യക്ഷനായിരുന്ന്, നാലുഭാഗങ്ങളിലുമുള്ള, ദൈവത്തിന്റെ വി. സഭയെ മേയിച്ച് ഭരിക്കുന്ന, ശുദ്ധിമാനും, ബഹുമാന്യനും, ഭാഗ്യവാനും, ദൈവത്താൽ നിലനിർത്തപ്പെട്ട് പോരുന്നതുമായ നമ്മുടെ പ. പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ തിരുമേനിയെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്ന വർഷമാണ് 2013. പ. പിതാവിന്റെ 80–ാം ജന്മദിനവും, മെത്രാഭിഷേകത്തിൻ കനകജൂബിലിയും പാത്രിയർക്കീസ് സ്ഥാനാരോഹണത്തിന്റെ 33–ാം വാർഷികവും ആഘോഷിക്കപ്പെടുന്നത് ഈ വർഷമാണ്. മദ്ധ്യ പൗരസ്ത്യ ദേശത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന വംശീയവും വർഗ്ഗീയവുമായ പീഡനങ്ങളിൽപ്പെട്ട് സുറിയാനി സഭാംഗങ്ങൾ കഷ്ടത അനുഭവിക്കപ്പെടുമ്പോൾ, വർണ്ണങ്ങളിൽ ചാലിച്ച ആഘോഷങ്ങൾക്ക് പ. ബാവാ സമ്മതിക്കുകയില്ല എന്ന് ഏവർക്കുമറിയാം. ഈ ചരിത്രമുഹൂർത്തം രേഖപ്പെടുത്താതെ പോയാൽ ചരിത്രത്തോട് കാട്ടുന്ന അവഗണനയായതുകൊണ്ടാണ് ഈ ലേഖനമെഴുതാൻ തയ്യാറായത്.

## ജീവിതരേഖ

പ. പാത്രിയർക്കീസ് ബാവായുടെ ജീവിതരേഖ പരിശോധിച്ചാൽ, സത്യസുറിയാനി സഭയെ നയിക്കാൻ ദൈവം വിളിച്ച് വേർതിരിച്ചതാണ് അദ്ദേഹത്തെ എന്ന് ബോധ്യമാകും. ശൈശവം വിട്ടുമാറും മുമ്പേ, തന്റെ മാതാപിതാക്കളെ നഷ്ടമായി എങ്കിലും അവരുടെ വേർപാട് വരുത്തിയ അനാതത്വം "സിനാഹെരിബ്" എന്ന ചെറുബാലൻ ദൈവത്തിലാശ്രയിച്ച് തരണം ചെയ്തു. സ്വർഗ്ഗീയ പിതാവിനോടുണ്ടായ അതിയായ അടുപ്പവും സ്നേഹവും പൗരോഹിത്യത്തിലേക്ക് തിരിയുവാൻ പ്രേരകമായിത്തീർന്നു. 13–ാം വയസ്സിൽ ഇറാഖിലെ മൂസൽ സെന്റ് ഏഫേം സെമിനാരിയിൽ ചേർക്കപ്പെട്ടപ്പോൾ 'സഖാ' എന്ന് പുഃനർ നാമകരണം ചെയ്യപ്പെട്ടു. 15–ാം വയസ്സിൽ റമ്പാനായും, 22–ാം വയസ്സിൽ ഡീക്കൻ ആയും, തന്റെ ഇരുപത്തിനാലാം വയസ്സിൽ വൈദീകനുമായി. ദൈവ ശാസ്ത്രപഠനത്തിലും പൊതുവിദ്യാ അഭ്യസനത്തിലും മുൻപന്തിയിൽ നിന്നിരുന്നതിനാൽ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ അമേരിക്കയിലേക്ക് ഉപരിപഠനത്തിനായി അയച്ചു. ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളജിൽ സഖാ റമ്പാച്ചൻ പഠനം തുർന്നു. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെയും പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെയും സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. 1963 ൽ മെത്രാപ്പോലീത്തയായ സഖാ മോർ സേവേറിയോസ് മൂസൽ, ബാഗ്ദാദ് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായി ചുമതല നിർവഹിച്ചു. പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കാലശേഷം തെരഞ്ഞെടുക്കപ്പെട്ട മോർ സേവേറിയോസ് മെത്രാപ്പോലീത്ത, പ. പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. മലങ്കരസഭയുടെ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയായിരുന്നു സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചത് എന്ന പ്രത്യേകതയും എടുത്തുപറയേണ്ടതാണ്. നാലു പ്രാവശ്യം മലങ്കര സന്ദർശിച്ച ഏക പാത്രിയർക്കീസ് എന്ന ബഹുമതിയും പ. പിതാവിന് സ്വന്തമാണ്.

## സഭാ ശുശ്രൂഷ

"ശുശ്രൂഷിക്കപ്പെടുവാനല്ല: ശുശ്രൂഷിക്കുവാൻ" എന്ന ആപ്തവാക്യം പ്രഖ്യാപിച്ചുകൊണ്ടാണ് പ. ബാവാ സഭാ ശുശ്രൂഷ ഏറ്റെടുത്തത്. ഇരുപതാം നൂറ്റാണ്ടിൽ നിന്ന് ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് ആകമാന സുറിയാനി സഭയെ കൈപിടിച്ചു നടത്താൻ പ. പതാവിന് സാധിച്ചു. കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷത്തെ സഭാ ശുശ്രൂഷാകാലയളവിൽ ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ ബാവായേയും അറുപതോളം മെത്രാപ്പോലീത്തമാരേയും വാഴിക്കാൻ പ. പാത്രിയർക്കീസ് ബാവായ്ക്ക് കഴിഞ്ഞു. ലോകത്തിന്റെ നാനാഭാഗത്തും സഭ പടർന്നു പന്തലിച്ചതിന്റെ ബഹുമതി പ. ബാവായ്ക്ക് സ്വന്തമാണ്.

മലങ്കര സഭയുമായി ഇത്ര ദീർഘകാലം ബന്ധപ്പെട്ട മറ്റൊരു പാത്രിയർക്കീസുമില്ല എന്ന് നിസ്സാശയം പറയാവുന്നതാണ്. 1964 ൽ യോജിച്ച സഭയ്ക്ക് വേണ്ടി ശ്രേഷ്ഠ ഔഗേൻ പ്രഥമൻ ബാവായെ വാഴിക്കാൻ മലങ്കരയിലേക്ക് എഴുന്നള്ളിയ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സംഘത്തിൽ പ. പിതാവ് ഒരു മെത്രാപ്പോലീത്തയായി ഉണ്ടായിരുന്നു. മലങ്കര സഭാ പ്രശ്നത്തിൽ 'സമാധാനപരമായ ഒരു പര്യവസാനം' ഉണ്ടാക്കുവാൻ ആകമാന സുറിയാനി സഭാ തലവൻ എന്ന നിലയിൽ പരമാവധി ശ്രമിച്ചു എങ്കിലും മറുപക്ഷത്തിന്റെ പിടിവാശികൾമൂലം അത് സാധിച്ചില്ല എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. അതേസമയം മലങ്കര യാക്കോബായ സുറിയാനി സഭ ആത്മീയമായും ഭൗതീകമായും ലോകത്തിന്റെ നാനാഭാഗത്തും വൻനേട്ടങ്ങൽ ഉണ്ടാക്കുവാൻ വേണ്ട പ്രേരണ നൽകിയതും പ. പിതാവാണ്, യൂറോപ്പിലും, നോർത്ത് അമേരിക്കയിലും, സൗത്ത് അമേരിക്കയിലും, ആസ്ട്രേലിയായിലും സുറിയാനി സഭ ഉജ്ജ്വല ശോഭയോടെ വളർന്നുകൊണ്ടിരിക്കുന്നതിൽ പ. പാത്രിയർക്കീസ് ബാവയ്ക്ക് അഭിമാനിക്കാം. ഗ്വാട്ടിമാലയിൽ എട്ടുലക്ഷത്തിലധികം വരുന്ന ക്രൈസ്തവ വിശ്വാസികൾ സുറിയാനി സഭയിലേക്ക് ചേർന്നത് കഴിഞ്ഞ വർഷമാണ്. സുറിയാനി ഓർത്തഡോക്സ് സഭ ഭൂഖണ്ഡങ്ങൾക്കപ്പുറങ്ങളിലേക്ക് പടർന്ന് പന്തലിക്കുന്നത് ഈ പിതാവിന്റെ കാലഘട്ടത്തിലാണ് എന്നുള്ളത് ദൈവനിശ്ചയമല്ലാതെ മറ്റൊന്നുമല്ല.

## എക്യുമിനിക്കൽ ബന്ധങ്ങൾ

രണ്ടാം വത്തിക്കാൻ സുന്നഹദോസ് നിരീക്ഷകനായി സുറിയാനി സഭയുടെ പ്രതിനിധി എന്ന നിലയിൽ സംബന്ധിച്ചതു മുതൽ ആരംഭിച്ച പ. ബാവായുടെ എക്യുമിനിക്കൽ ബന്ധങ്ങൾ ഈ എൺപതാം വയസ്സിലും തുടരുകയാണ്. കത്തോലിക്ക സഭയുമായി വിശ്വാസപരവും, കൂദാശാപരിവുമായ വിവിധ ഉടമ്പടികൾ ഒപ്പുവെയ്ക്കാൻ സാധിച്ചത് ഇതിന്റെ പ്രതിഫലനമാണ്. ലോക ക്രിസ്ത്യൻ കൗൺസിലിന്റെ (ണഇഇ) പ്രസിഡന്റാകുവാനും ഈ പിതാവിന് കഴിഞ്ഞു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ പ. ബാവായ്ക്ക് സാധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ സഹോദരീ സഭയായി അംഗീകരിക്കാം എന്ന് രണ്ടാം മുളന്തുരുത്തി സുന്നഹദോസിൽ (2004) പ. പാത്രിയർക്കീസ് ബാവാ പ്രഖ്യാപിച്ചുവെങ്കിലും അതിനനുകൂല നിലപാടല്ല മറുപക്ഷം സ്വീകരിച്ചത്. എങ്കിൽ തന്നെയും പ. പാത്രിയർക്കീസ് ബാവായെ സന്ദർശിക്കാൻ മറുപക്ഷ നേതൃത്വം തയ്യാറായത് ഏവരേയും ഉൾക്കൊള്ളാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഒരു യഥാർത്ഥ പിതാവിന്റെ മനഃസ്ഥിതിയുള്ളതിനാലാണ്.

ദൈവത്താൽ നിലനിർത്തപ്പെട്ടു പോരുന്ന ഈ വി.സഭയെ കഴിഞ്ഞ 34 വർഷമായി നയിച്ച ഭാഗ്യവാനായ പിതാവായിരുന്നു മോറോൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയക്കീസ് ബാവ. ആകമാന സുറിയാനി സഭയുടെ അഭിവാജ്യഘടകമായ മലങ്കര സഭ പ്രതിസന്ധികളിൽ പെട്ടുഴലുന്ന അവസരത്തിൽ ശ്രേഷ്ഠ കതേലിക്ക ബാവ തിരുമേനിയെ വാഴിച്ച് മലങ്കര സഭയെ കെട്ടുറപ്പുള്ളതാക്കി നിലനിർത്തിയത് മലങ്കര സഭാക്കൾക്ക് ഒരു കാത്തും വിസ്രിക്കുവാൻ സാധിക്കുകയില്ല. മലങ്കര സഭാംഗങ്ങളുമായി ഇത്രയധികം ബന്ധപ്പെടുകയും ഏറ്റവും കൂടുതൽ പ്രാവശ്യം (നാല് തവണ) മലങ്കര സന്ദർശിക്കുകയും ചെയ്ത മറ്റൊരു പാത്രിയർക്കീസ് ബാവ ഉണ്ടായിരുന്നിട്ടില്ല. സുറിയാനി സഭ പഴയകാലപ്രഭാവതത്തോടെ ഉയർത്തെഴുന്നേറ്റത് ഈ 34 വർഷങ്ങൾ കൊണ്ടാണ്. പ. പിതാവേ സമാധാനത്താലെ പോയാലും.



# സുറിയാനിസഭയുടെ പ്രകാശഗോപുരം

**എബി പ. ജോയി**

ദേവാലയമണികൾക്ക് ദീനനാദം ഇന്നും ഈ ആയുഷ്ക്കാലമൊക്കെയും നമ്മുടെ അധ്യക്ഷനായിരുന്ന് നാലുഭാഗത്തുമുള്ള ദൈവത്തിന്റെ സത്യസുറിയാനിസഭയെ മേയിച്ചുഭരിക്കുന്ന ഇടയന്മാരുടെ ഇടയൻ യാത്രയായി. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഭൂമിയിലെ മുഖ്യവികാരി നിത്യതയിലേക്ക് വിളിക്കപ്പെട്ടു. സഭാചരിത്രത്തിൽ അദ്വിതിയസ്ഥാനമുള്ള പാത്രിയർക്കീസാണ് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ ബാവ. 34 വർഷം പ. അന്ത്യോഖ്യാസിംഹാസനത്തിൽ അദ്ദേഹം വാണരുളി. 1980 സംപ്റ്റംബർ 14 നായിരുന്നു പാത്രിയർക്കാ വാഴ്ച- സ്ലീബാ പെരുന്നാൾ ദിനത്തിൽ. മൂന്നരപ്പതിറ്റാണ്ടോളം സഭയെ നയിച്ചപ്പോൾ ആ മഹായിടയൻ സ്വയം ചരിത്രമായി. 1119 ൽ കാലം ചെയ്ത മഹാനായ മിഖായേൽ (മോർ മിഖായേൽ റാബോ) ആണ് ഇതിനുമുമ്പ് ഏറ്റവും കാലം സഭ ഭരിച്ചത് 33 വർഷം.

പുണ്യം ചെയ്യുന്ന ചരിത്രമാണ് അന്ത്യോഖ്യായുടേത്. 'കൃപകളുടെ ഉറവയായി' ഈ സിംഹാസനം ഗണിക്കപ്പെടുന്നു. ഈ പൈതൃകം കണ്ണീരോടെ സംരക്ഷിച്ച ബാവായാണ് മുമ്പ് മോർ സേവേറിയോസ് ആയിരുന്ന സഖാ ബാവ. ബാബ് തൗമയിലെ സഭാകേന്ദ്രം തകർക്കപ്പെട്ടപ്പോൾ അദ്ദേഹം ലബനോനിലേക്ക് സഭാകേന്ദ്രം മാറി. 'നിന്റെ പുതപ്പ് എടുക്കുന്നവന് കുപ്പായം കൂടി കൊടുത്തേക്കണ' മെന്നതായിരുന്നു ബാവായുടെ മനോഭാവം. നാലു പ്രാവശ്യം ഇന്ത്യ സന്ദർശിച്ചു.

ദൈവമാതാവിന്റെ തിരുശേഷിപ്പ് ഹോംസിലെ പള്ളിയിൽ സൂക്ഷിച്ചിരുന്നത് പള്ളി നിശേഷം തകർക്കപ്പെട്ടപ്പോഴും പാവനമായി സൂക്ഷിക്കാൻ അദ്ദേഹത്തിനായി. മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്ത് മലങ്കര സഭയ്ക്ക് കൈമാറിയത് അദ്ദേഹമാണ്. പുരാതന ക്രൈസ്തവ കേന്ദ്രമായ മുളന്തുരുത്തിയിൽ ഈ തിരുശേഷിപ്പുണ്ട്.

ആഗോള സുറിയാനി സഭയുടെ ഈ ഇടയന് മേൽപ്പട്ട പദവിയിൽ അമ്പതാണ്ട് പിന്നിടാൻ കഴിഞ്ഞത് മറ്റൊരു ധന്യതയാണ്. സഭയെ പുതുയുഗത്തിലേക്ക് നയിച്ച പാത്രിയർക്കീസ് ബാവ 81–ാം വയസ്സിൽ കാലം ചെയ്തപ്പോൾ വലിയൊരു മാതൃക അവശേഷിപ്പിക്കുന്നു. വലിയ പ്രതിസന്ധികൾക്കിടയിലും പൗരാണിക പാരമ്പര്യം കൈവിടാതെ സഭയെ വൈജ്ഞാനിക ലോകത്തിന് പര്യാപ്തമാം വിധം വളർത്തി.

ബെന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ്, കുര്യാക്കോസ് മോർ യൂലിയോസ്, ഗീവർഗീസ് മോർ അത്താനാസിയോസ്, മാത്യൂസ് മോർ തീമോത്തിയോസ്, ഐസക് മോർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തമാർ കേരളത്തിൽ നിന്ന് പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിമാരായിരുന്നിട്ടുണ്ട്.

ഇഗ്നാത്തിയോസ് എന്നത് പാത്രിയർക്കീസ് ബാവാമാരുടെ സ്ഥിരനാമമാണ്. മോർ ഇഗ്നാത്തിയോസ് നൂറോനോ എന്ന പാത്രിയർക്കീസിനു ശേഷം ഈ വലിയ സ്ഥാനികളെല്ലാം ഈ സ്ഥിരനാമം ഉപയോഗിക്കുന്നു. ശിശുവായിരുന്ന മോർ ഇഗ്നാത്തിയോസിനെ മടിയിലിരുത്തിയാണ് യേശു ക്രസ്തു 'നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെയാവുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ കടക്കുകയില്ലെ'ന്ന് ഉപദേശിച്ചത്. അനുഗ്രഹങ്ങളുടെ പരമ്പരക്കാർക്കായി യേശുനാഥൻ ഒരുക്കിവച്ച സ്ഥിരനാമമായി ' മോർ ഇഗ്നാത്തിയോസ് വിശ്വസിക്കപ്പെടുന്നു.

## മംഗളം

എഡിറ്റോറിയൽ

# അണയാത്ത ആത്മീയ തേജസ്

സ്നേഹത്തിന്റെ പ്രതികവും ലോകസമാധാനത്തിനു വേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ആഗോള സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും അന്ത്യോഖ്യായുടെയും കിഴക്കിന്റെയും പാത്രിയക്കീസ് പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ വേർപാട് ലോകത്തിനു തീരാനഷ്ടം.

ശാന്തസൗമ്യ ഭാവങ്ങളോടെ ക്രിസ്തീയ ചൈതന്യം തിളങ്ങിനിന്ന ആ മുഖം ഇനി വിശ്വാസികൾക്ക് പ്രാർത്ഥനാനിരതമായ ഓർമ്മമാത്രം. മലങ്കരയിൽ വരണമെന്ന് കാലം ചെയ്യുന്നതിന് രണ്ടു ദിവസം മുമ്പു പോലും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഭാരതത്തിന്റെ ആത്മീയത എന്നും അദ്ദേഹം ഉൾക്കൊള്ളുകയും ആദരിക്കുകയും ചെയ്തിരുന്നു. നമ്മുടെ ആതിഥ്യ മര്യാദ ഹൃദയത്തിന്റെ അഗാധതയിൽ അദ്ദേഹം സൂക്ഷിച്ചിരുന്നു. വലിയ ഇടയന്റെ വിടവാങ്ങൾ മലങ്കരയിലെ ക്രൈസ്തവ വിശ്വാസികൾക്ക് പകരം വയ്ക്കാനാകാത്ത കനത്ത നഷ്ടമാണ്. നാലു തവണ അദ്ദേഹം ഇന്ത്യയിൽ സന്ദർശനം നടത്തിയത് എടുത്തു പറയേണ്ട കാര്യമാണ്.

1931 ഏപ്രിൽ 21 ന് ഇറാഖിൽ ഈവാസ് എന്ന ഉന്നതകുടുംബത്തിലായിരുന്നു ജനനം. സെൻ ഹരീബ് എന്നായിരുന്നു പൂർവാശ്രമത്തിലെ പേര്. പതിമൂന്നാം വയസിൽ വൈദിക വിദ്യാഭ്യാസത്തിനു ചേർന്നു. പഠനകാലത്ത് സാഖാ എന്ന നാമം സ്വീകരിച്ചു. 1957 ൽ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നു വൈദിക പട്ടം സ്വീകരിച്ചു. 1963 ൽ മൊസൂൾ ഭദ്രാസനത്തിനായി മോർ സേവേറിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി മൊസൂളിൽ മാർത്തോമാ ശ്ലീഹായുടെ ദേവാലയ ഭിത്തിയിൽ നിന്ന് മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെത്തിയതാണ് അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ചത്.

1964 ൽ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയോടൊപ്പം മലങ്കരയിൽ സന്ദർശനം നടത്തി. 1980 ജൂലൈ 11 നാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിർണായകമായ വഴിത്തിരിവുണ്ടായത്. പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പിൻഗാമിയായിരുന്ന ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ അധ്യക്ഷതയിൽ കൂടിയ ആകമാന സുന്നഹദോസ് പാത്രിയർക്കാസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. അതേ വർഷം സെപ്റ്റംബർ 14 നായിരുന്നു സ്ഥാനാരോഹണം നടന്നത്. ഒരു കാതോലിക്ക ബാവയേയും മലങ്കരയ്ക്കായി 22 മെത്രാപ്പോലീത്തമാർ ഉൾപ്പെടെ 51 മെത്രാപ്പോലീത്തമാരേയും അദ്ദേഹം വാഴിച്ചു.

ഒരിക്കൽപോലും ഒരു രാഷ്ട്രത്തിന്റെയും ആഭ്യന്തര രാഷ്ട്രീയ കാര്യങ്ങളിൽ അദ്ദേഹം കൈ കടത്തിയിട്ടില്ല. ഭാരതത്തിലെ സഭാ വിശ്വാസികളിൽ ഉടലെടുത്ത വിയോജിപ്പുകൾ ഇല്ലാതാക്കാൻ അദ്ദേഹം ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിരുന്നു. അതുകൊണ്ട് തന്നെ എല്ലാ സഭകൾക്കും ഇടയിൽ അദ്ദേഹത്തിന് വലിയ സ്വീകാര്യത ലഭിച്ചു. ഭാരതം സന്ദർശിച്ച ഓരോ തവണയും സഭാ ഐക്യത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ അദ്ദേഹം തുടർന്നിരുന്നു.

1984 ൽ വത്തിക്കാനിൽ മാർപാപ്പയെ സന്ദർശിച്ച വേളയിൽ യാക്കോബായ കത്തോലിക്ക സഭകളിലെ അംഗങ്ങൾക്ക് അടിയന്തര സ്വഭാവമുള്ള മൂന്നു കൂദാശകൾ അവരവർക്ക് ദേവാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വീകരിക്കുന്നതിനുള്ള ഉടമ്പടി ഒപ്പുവച്ചതു ശ്രദ്ധേയമായി. യാക്കോബായ കത്തോലിക്ക വിശ്വാവസികൾ തമ്മിലുള്ള വിവാഹത്തിനുള്ള അംഗീകാരം നൽകിയതും സഭാ ചരിത്രത്തിലെ സുപ്രധാന ഏടുകളിലൊന്നാണ്.

2002 ജൂലൈ 26 ന് മലങ്കരയിലെ ഇപ്പോഴത്തെ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായെ അദ്ദേഹം വാഴിച്ചത് മലങ്കരയ്ക്കു വലിയ മുതൽക്കൂട്ടായി. 2008 ഒക്ടോബർ 17 മുതൽ 29 വരെയായിരുന്നു അദ്ദേഹം ഏറ്റവും ഒടുവിൽ ഭാരതം സന്ദർശിച്ചത്. അന്ന് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായുടെ പൗരോഹിത്യ സുവർണ ജൂബിലി ഉദ്ഘാടനം എറണാകുളത്ത് നടത്തിയത് അദ്ദേഹമായിരുന്നു. അടുത്തിടെ സിറിയയിലുണ്ടായ രാഷ്ട്രീയ സംഘർഷങ്ങൾക്കിടെ സമാധാന ദൂതുമായി അദ്ദേഹം നിലകൊണ്ടത് വിശ്വാസികൾക്കിടയിൽ മാത്രമല്ല രാഷ്ട്രീയ നേതൃത്വങ്ങളിൽക്കിടയിൽ പോലും വലിയ മതിപ്പ് സൃഷ്ടിക്കാനിടയായ സംഭവമായിരുന്നു. സിറിയയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ഊന്നൽ. സിറിയൻ പ്രശ്നം സമാധാനപരമായി പരിഹരിക്കണമെന്നും അഭയാർത്ഥികൾക്ക് ആശ്രയം നൽകണമെന്നും അദ്ദേഹം മെത്രാപ്പോലീത്തനമാർക്ക് നിർദേശം നൽകി. ആഴ്ചയിൽ നാലുതവണ ഡയാലിസിസിന് വിധേയനായിരുന്നപ്പോഴാണ് അദ്ദേഹം സിറിയൻ പ്രശ്നത്തിൽ സമാധാനത്തിന്റെ പ്രാവുകളെ പറത്തിയത്. വിടപറഞ്ഞെങ്കിലും അദ്ദേഹം കൊളുത്തിവച്ച ആത്മീയപ്രകാശം ഒരിക്കലും കെടില്ലെന്ന പ്രത്യാശയോടെ വലിയ ഇടയന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.



പ. പാത്രിയർക്കീസ് ബാവ കേരള മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനോടൊപ്പം...



സി.പി.എം. ജനറൽ സെക്രട്ടറി പിണറായി വിജയൻ പ. പാത്രിയർക്കീസ് ബാവയെ പുത്തൻകുരിശിൽ സന്ദർശിച്ചപ്പോൾ..



പ. പാത്രിയർക്കീസ് ബാവയുടെ പൗരോഹിത്യ ജൂബിലി ഉദ്ഘാടനം കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു



മുൻ മന്ത്രി ടി.എം. ജേക്കബ്ബ്, ടി.യു. കുരുവിള എം.എൽ.എ. സഭാ ട്രസ്റ്റി തമ്പു ജോർജ്ജ് തുകലൻ, സെക്രട്ടറി ജോർജ്ജ് മാത്യു തെക്കേത്തലയ്ക്കൽ എന്നിവർ പ. പിതാവിനോടൊപ്പം

# പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ജീവിത നാൾവഴി

### ഷെവലിയർ മനോജ് മാത്യു ആര്യാടൻ പാക്കിൽ



**1933 ഏപ്രിൽ 21** ഇറാക്കിലെ മൂസൽ പട്ടണത്തിൽ ഈവാസ് എന്ന ഉന്നത കുടുംബത്തിൽ ജനിച്ചു. സെൻഹരീബ് എന്നായിരുന്നു ബാല്യത്തിലെ പേര്.

1946 പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 13-ാമത്തെ വയസ്സിൽ മൂസലിലെ മോർ അപ്രേം സെമിനാരിയിൽ വൈദിക വിദ്യാഭ്യാസത്തിനു ചേർന്നു. സെമിനാരി പഠനകാലത്ത് "സാഖാ" എന്ന നാമം സ്വീകരിച്ചു.

**1948 നവംബർ 28** മോർ അത്താനാസിയോസ് തോമാ കസ്സിർ മെത്രാപ്പോലിത്തായിൽ നിന്ന് കോറൂയോ സ്ഥാനം ഏറ്റു.

**1954 ജൂൺ 6** മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലിത്ത ശർവോയോ റമ്പാൻ സ്ഥാനം നല്കി. ഇക്കാലയളവിൽ പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായും തുടർന്ന് 1957 മുതൽ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പേഴ്സണൽ സെക്രട്ടറിയായും നിയമിതനായി. തുടർന്ന് ന്യൂയോർക്ക് സർവ്വകലാശാലയിൽ ഉപരിപഠനം നടത്തി.

**1957 നവംബർ 17** പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വൈദിക പട്ടം നല്കി.

**1959 ഏപ്രിൽ 15** പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നല്കി.

**1963 നവംബർ 17** പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മൂസൽ ഭദ്രാസനത്തിനായി മോർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലിത്തയായി വാഴിച്ചു.

**1964 മെയ് 16 – ജൂൺ 23** പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പം മലങ്കരയിൽ സന്ദർശനം നടത്തുകയും മെയ് 22 ന് മോർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കബാവായുടെ സ്ഥാനോഹരണത്തിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

**1964 സെപ്റ്റംബർ 1** മൂസലിലെ അതിപുരാതനമായ സെന്റ് തോമസ് പള്ളിയിൽ നിന്നു വി. മാർതോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെത്തി.

**1967 – 80** മൂസൽ ഭദ്രാസനത്തിനു പുറമെ യൂറോപ്പ് തുടർന്ന് ബാഗ്ദാദ് ബസ്രാ, മോർ മത്തായി ദയറാധിപൻ എന്നീ ചുമതലകൾ നിർവ്വഹിച്ചു. ഈ കാലയളവിൽ വിവിധ എക്യൂമെനിക്കൽ യോഗങ്ങളിൽ സഭയുടെ പ്രതിനിധിയായി പങ്കെടുത്തു. ഡബ്ല്യു.സി.സി കേന്ദ്ര കമ്മിറ്റിയംഗമായും പ്രവർത്തിച്ചു.

**1980 ജൂലൈ 11** പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പിൻഗാമിയായി ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആകമാന സുന്നഹദോസ് പാത്രിയർക്കാസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

**1980 സെപ്റ്റംബർ 14** ശ്രേഷ്ഠ കാതോലിക്ക ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പാത്രിയർക്കാ സ്ഥാനാരോഹണം.

**1982 ഫെബ്രുവരി 7, മാർച്ച്** മലങ്കരയിലെ പ്രഥമ ശ്ലൈഹിക സന്ദർശനം. പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ (മഞ്ഞനിക്കര) 50-ാം ദുഃഖ്റോനോ വാർഷിക ഉദ്ഘാടനം (ഫെബ്രുവരി 13), വി. മൂറോൻ കൂദാശ (മണർകാട് പള്ളി ഫെബ്രുവരി 27), അഭിവന്ദ്യ ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേകം (കോതമംഗലം ചെറിയപള്ളി, മാർച്ച് 6) മലങ്കരയിലെ ദൈവാലയങ്ങളിൽ സന്ദർശനം.

**1984** വത്തിക്കാനിൽ മാർപാപ്പയെ ശ്രേഷ്ഠ കാതോലിക്ക ബാവായുമൊത്തുള്ള സന്ദർശനം. ഈ സന്ദർശനത്തിൽ യാക്കോബായ - കത്തോലിക്ക സഭകളിലെ അംഗങ്ങൾക്ക് അടിയന്തര സ്വഭാവമുള്ള 3 കൂദാശകൾ അവരവർക്ക് ദേവാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വീകരിക്കുന്നതിനുള്ള ഉടമ്പടി ഒപ്പുവെച്ചു.

**1984 ഒക്ടോബർ 7** ബന്യാമിൻ മോർ ഒസ്താത്തിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചു (സിംഹാസന പളളികൾ)

**1987 ഡിസംബർ 21** വി. മാർത്തോമാശ്ലീഹായുടെ നാമം 4-ാം തുബ്ദേനിലും പ. യൽദോ ബാവാ (കോതമംഗലം), പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ (മഞ്ഞനിക്കര), പ. പരുമല തിരുമേനി എന്നീ പിതാക്കന്മാരുടെ നാമങ്ങൾ 5-ാം തുബ്ദേനിലും ചേർക്കുന്നതിന് കല്പനയായി.

**1988** സിംബാബ്വേയിൽ കൂടിയ ഡബ്ല്യു.സി.സി. സമ്മേളനം പ്രസിഡന്റായി തെരഞ്ഞെടുത്തു.

**1990 മെയ് 27** ഗീവറുഗീസ് മോർ പോളിക്കർപ്പോസ് മെത്രാപ്പോലീത്തയെ വാഴിച്ചു. (പൗരസ്ത്യ സുവിശേഷ സമാജം)

**1990 ഡിസംബർ 23** യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്തയെ വാഴിച്ചു (തൃശൂർ) (പിന്നീട് മറുഭാഗത്തേക്ക് പോയി)

**1993 ഓഗസ്റ്റ് 15** സഖറിയാസ് മോർ നിക്കോളവാസ് മെത്രാപ്പോലിത്തായെ വാഴിച്ചു (അമേരിക്ക) (പിന്നീട് മറുഭാഗത്തേക്ക് പോയി)

**1994 ജനുവരി 16** ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചു (കൊച്ചി)

**1994 ഫെബ്രുവരി** യാക്കോബായ - കത്തോലിക്ക അംഗങ്ങൾ തമ്മിലുള്ള വിവാഹത്തിനുള്ള അംഗീകാരം നല്കി കല്പനയായി.

**1998 സെപ്റ്റംബർ 27** കുര്യാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചു. (സിംഹാസന പളളികൾ)

**2000 ഏപ്രിൽ 7 – 10** മലങ്കരയിലെ രണ്ടാമത്തെ ശ്ലൈഹിക സന്ദർശനം ഏബ്രഹാം മോർ ക്ലിമീസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്തു(ഏപ്രിൽ 8). പ. അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായേയും, പ. സ്ലീബ മോർ ഒസ്താത്തിയോസ് ബാവായേയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. (ഏപ്രിൽ 9)

**2001 ജനുവരി 14** മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലിത്ത (നിരണം), മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലിത്ത (കണ്ടനാട്) എന്നിവരെ വാഴിച്ചു.

**2002 ജൂലൈ 26** ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായെ വാഴിച്ചു.

**2002 ഡിസംബർ 8** ഗീവർഗീസ് മോർ ദിവന്നാസിയോസ് (സിംഹാസന പളളികൾ) യൂഹാനോൻ മോർ മീലിത്തിയോസ് (തുമ്പമൺ), കുര്യാക്കോസ് മോർ ദിയസ്ക്കോറോസ് (മലേക്കുരിശ് ദയറാ), ഗീവർഗീസ് മോർ അത്താനാസിയോസ് (സിംഹാസന പളളികൾ) എന്നീ മെത്രാപ്പോലിത്തന്മാരെ വാഴിച്ചു.

**2004 ജനുവരി 4** യൽദോ മോർ തീത്തോസ് മെത്രാപ്പോലിത്തായെ (അമേരിക്ക) വാഴിച്ചു.

**2004 ജനുവരി 15** കുര്യാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലിത്തായെ (ക്നാനായ അതിഭദ്രാസനം) വാഴിച്ചു.

**2004 ഓഗസ്റ്റ് 19** ആലുവായിലെ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

**2004 സെപ്റ്റംബർ 20 – 30** മലങ്കരയിലെ മൂന്നാമത്തെ ശ്ലൈഹിക സന്ദർശനം പ. പാത്രിയർക്കീസ് ബാവായുടെ സ്ഥാനോഹരണ രജത ജൂബിലി ഉദ്ഘാടനം (എറണാകുളം മറൈൻഡ്രൈവ് സെപ്റ്റംബർ 21), രണ്ടാം മുളന്തുരുത്തി അസോസിയേഷൻ (സെപ്റ്റംബർ 27), വി. മൂറോൻ കൂദാശ (കോതമംഗലം ചെറിയ പള്ളി സെപ്റ്റംബർ 25), കരിങ്ങാച്ചിറ സുന്നഹദോസ് (സെപ്റ്റംബർ 23).

**2006 ഫെബ്രുവരി 7** പ. അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ നാമം തുബ്ദേനിൽ ചേർത്ത് കല്പനയായി.

**2006 ജൂലൈ 14** മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്തായെ വാഴിച്ചു. (പൗരസ്ത്യ സുവിശേഷ സമാജം)

**2007 ഫെബ്രുവരി 2** കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായെ (ക്നാനായ അതിഭദ്രാസനം) വാഴിച്ചു.

**2008 ജൂൺ 11** കുര്യാക്കോസ് മോർ ഈവാനിയോസ്, അയൂബ് മോർ സിൽവാനോസ് എന്നീ മെത്രാപ്പോലിത്തന്മാരെ വാഴിച്ചു (ക്നാനായ അതിഭദ്രാസനം)

**2008 ഓഗസ്റ്റ് 24** കുര്യാക്കോസ് മോർ ക്ലീമീസ് (ഇടുക്കി), പൗലോസ് മോർ ഐറേനിയോസ് (കോഴിക്കോട്) എന്നീ മെത്രാപ്പോലിത്തന്മാരെ വാഴിച്ചു.

**2008 ഒക്ടോബർ 17 – 29** മലങ്കരയിലെ നാലാം ശ്ലൈഹിക സന്ദർശനം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ഉദ്ഘാടനം എറണാകുളം മറൈൻഡ്രൈവ് (ഒക്ടോബർ 19), കോതമംഗലം അസോസിയേഷൻ (ഒക്ടോബർ 25), കോതമംഗലം സുന്നഹദോസ് (ഒക്ടോബർ 26), മോർ ബസേലിയോസ് ശക്രള്ള ബാവാ (കണ്ടനാട്, ഒക്ടോബർ 21), യൂയാക്കീം മോർ കൂറിലോസ് ബാവാ (മുളന്തുരുത്തി, ഒക്ടോബർ 20), പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലിത്ത (പാണംപടി, ഒക്ടോബർ 24) എന്നീ പിതാക്കന്മാരെ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു.

**2009 ഓഗസ്റ്റ് 23** യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലിത്തായെ വാഴിച്ചു (ഹോണവാർ മിഷൻ)

**2009 സെപ്റ്റംബർ 18** പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്ത് കല്പനയായി.

**2009 നവംബർ 26** പ. സ്ലീബ മോർ ഒസ്താത്തിയോസ് ബാവായുടെ നാമം തുബ്ദേനിൽ ചേർത്ത് കല്പനയായി

**2012 ജനുവരി 15** മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്തയെ വാഴിച്ചു. (മൂവാററുപുഴ)

**2012 നവംബർ 15** മാത്യൂസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയെ വാഴിച്ചു. (പാത്രിയർക്കൽ സെക്രട്ടറി)

**2012 നവംബർ 18** കോപ്റ്റിക് സഭാതലവൻ പോപ്പ് തവദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണത്തിന് കാർമ്മികത്വം വഹിച്ചു.

**2013 ഏപ്രിൽ 21** 81-ാം ജന്മദിനം ആഘോഷിച്ചു

**2013 നവംബർ 17** മെത്രാഭിഷേക സുവർണ്ണ ജൂബിലി ബെയ്റൂട്ടിൽ പ്രൗഢഗംഭീരമായി ആഘോഷിച്ചു

**2014 മാർച്ച് 21** ജർമിനിയിൽ വെച്ച് കാലം ചെയ്തു.

മലങ്കരയ്ക്കായി നടന്ന ഈ പ്രധാന സംഭവങ്ങൾ കൂടാതെ അനേകം കാര്യങ്ങൾ പ. പിതാവ് ഈ കാലയളവിൽ സഭക്ക് അഭൂതപൂർവ്വമായ വളർച്ചകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയിട്ടുണ്ട്. പ. ബാവ ഇതുവരെയായി ഒരു കാതോലിക്ക ബാവായേയും മലങ്കരയ്ക്കായി 22 മെത്രാപ്പോലീത്തമാർ ഉൾപ്പെടെ 51 മെത്രാപ്പോലിത്തന്മാരേയും വാഴിച്ചു

# തച്ചന്റെ മകൻ; സദ്ദാം ഹുസൈന്റെ നാട്ടുകാരൻ

### ജെബി പോൾ

സുറിയാനി സഭാ പാരമ്പര്യത്തിൽ ജീവിച്ചിരുന്ന ക്രിസ്തീയ കുടുംബമായിരുന്നു സഖാ പ്രഥമൻ ബാവയുടേത്. ജസീറ-ടിഗ്രീസ് ദേശങ്ങളിൽ സുറിയാനി സഭ തഴച്ചു വളർന്ന കാലത്ത് പ്രസിദ്ധമായിരുന്നു ഈവാസ് കുടുംബം. ഈവാസ് എന്നതിന് ഗവർണറുടെ പ്രധാന സെക്രട്ടറി എന്നർത്ഥം. ഈ കുടുംബം പ്രാദേശിക കാര്യങ്ങളിൽ പ്രധാന പങ്കു വഹിച്ചിരുന്നു.

325 വർഷങ്ങൾക്കു മുമ്പ് 1680 കളിൽ ക്രൈസ്തവ പീഢനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി ഈവാസ് കുടുംബവും ബന്ധുമിത്രാദികളും ഇറാഖിലുള്ള മൂസൽ ഗ്രാമത്തിലേക്കു താമസം മാറി. കഠിനാദ്ധ്വാനം ചെയ്ത് മൂസലിൽ നല്ല ചുറ്റുപാടിൽ താമസമുറപ്പിക്കാൻ സാധിച്ചു.

പിതാമഹൻ രാജ്യത്തെ വിദഗ്ധ ശിൽപികളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ കുശാഗ്രബുദ്ധിക്കും ശിൽപചാതുര്യത്തിനും ഉള്ള അംഗീകാരമായി അദ്ദേഹത്തിന് അന്നത്തെ രാജാവായ ഫൈസിൽ രാജാവ് രാജകീയ കുപ്പായം (റോയൽ ഗൗൺ) നൽകി ആദരിച്ചു.

ബാവ 1933 ഏപ്രിൽ 21 ന് ഇറാഖിലുള്ള മൂസലിൽ ജനിച്ചു. ബഷീർ ഈവാസ്-ഹസീബ എറ്റോ ദമ്പതികളുടെ ഏഴു മക്കളിൽ നാലാമൻ. മൂത്ത രണ്ട് സഹോദരികളും ഒരു സഹോദരനും ഇളയ രണ്ട് സഹോദരന്മാരും സഹോദരിയുമുണ്ടായിരുന്നു. മാമോദീസാ പേര് സെൻഹരീബ്.

വിദ്യാഭ്യാസം ഈസ്താംബൂളിൽ പൂർത്തിയാക്കിയശേഷം ബഷീർ ഈവാസ് മിലിട്ടറി എൻജിനീയറിംഗ് കോളജിൽ കാർപ്പെന്ററി ആൻഡ് ജോയിനറി പഠിപ്പിക്കാൻ പ്രൊഫസറായി സേവനമനുഷ്ഠിച്ചു.

എൻജിനീയറിംഗ് കോളജിലെ ജോലിയിൽ നിന്നു വിരമിച്ചശേഷം ബഷീർ ഈവാസ് വർക്ക്ഷോപ്പ് (വുഡ് വർക്ക്സ്) തുടങ്ങിയെങ്കിലും അധികം താമസിയാതെ വൈദ്യുതി ഷോർട്ട് സർക്യൂട്ട് മൂലം കത്തിനശിച്ചു. സത്യവിശ്വാസിയായിരുന്ന അദ്ദേഹം തന്റെ മക്കളിലാരെങ്കിലും വൈദിക വൃത്തിയിലേക്ക് വരുന്നതിന് അത്യധികം ആഗ്രഹിച്ചിരുന്നു. ഹൃദയാഘാതം മൂലം ബഷീർ ഈവാസ് ചരമം പ്രാപിച്ചത് ഹസീബയെ തളർത്തി. തുടർന്ന് വൃക്ക സംബന്ധമായ അസുഖം മൂലം 1945 ൽ ഹസീബയും അകാലചരമം പ്രാപിച്ചു.

ചെറുപ്പത്തിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട സെൻഹരീബ് തികഞ്ഞ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടി. ബന്ധുമിത്രാദികളുടെ എതിർപ്പുണ്ടായിട്ടും വൈദിക ജീവിതം നയിക്കാനായിരുന്നു സെൻഹരീബിന്റെ തീരുമാനം. ഇറാഖ് ഭരണാധികാരിയായിരുന്ന സദ്ദാം ഹുസൈന്റെ നാട്ടുകാരനായിരുന്നു. ഇരുവരും സഹപാഠികളുമായിരുന്നു.

സെൻ ഹരീബ് അൽ-തഹ്സീബ് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൂസലിലുള്ള മാർത്തോമാ ചർച്ച് സ്കൂളിൽ പഠിച്ച് എല്ലാ ക്ലാസ്സിലും ഒന്നാമനായി. ആറാം വയസിൽ സന്യാസ ജീവിതം ആഗ്രഹിച്ചിരുന്ന സെൻഹരീബ് 1946 ൽ മൂസലിലുള്ള മാർ അപ്രേം സെമിനാരിയിൽ ചേർന്നു. അന്നുമുതൽ സാഖാ എന്ന പേര് വിളിക്കപ്പെട്ടു. അവിടെ ചരിത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാ നിയമം എന്നിവ പഠിച്ച് പ്രാവീണ്യം നേടി.

## ദൈവവിളി

1948 ൽ ആർച്ച് ബിഷപ്പ് തോമാ ഖസീർ അദ്ദേഹത്തെ കോറൂയോ ആയി വാഴിച്ചു. തുടർന്ന് 1953 ൽ യൗഫദ്യഘനോ ആയി ഉയർത്തപ്പെട്ടു. 1954 ൽ സുറിയാനി, അറബി, ഇംഗ്ലീഷ് ഭാഷകളിൽ ഉപരിപഠനം പൂർത്തിയാക്കി ഡിപ്ലോമ കരസ്ഥമാക്കി. 1954 ജൂൺ ആറാം തീയതി ആർച്ച് ബിഷപ്പ് ബഹനാം തെയോഫിലോസ് തിരുമനസിൽ നിന്നും റമ്പാനായി സന്യാസ ജീവിതം സ്വീകരിച്ചു.

ദയറക്കാരനായ സാഖാ, സെമിനാരിയിൽ സുറിയാനി, അറബി, ബൈബിൾ എന്നീ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കെ 1955 ന്റെ അവസാനഘട്ടത്തിൽ അന്നത്തെ പാത്രിയർക്കീസ് ബാവ അപ്രേം ബർസോം അരമനയിൽ വിളിച്ച് തന്റെ രണ്ടാം സെക്രട്ടറിയായി നിയമിച്ചു. തുടർന്ന് പ്രഥമ സെക്രട്ടറിയായും ഉയർത്തി.

## വൈദിക വൃത്തിയിലേക്ക്

1957 ൽ അപ്രേം പാത്രിയാർക്കീസ് ബാവ കാലം ചെയ്തപ്പോൾ യാക്കോബ് തൃതീയൻ ബാവ, സാഖായോട് സെക്രട്ടറി സ്ഥാനത്തു തുടരാൻ നിർദേശിച്ചു. ഇതിനിടയിൽ ജേർണലിസം പഠിച്ച് ഡിപ്ലോമ നേടി. 1957 നവംബർ 17 ന് യാക്കോബ് തൃതീയൻ ബാവ കശ്ശീശോ ആയി ഉയർത്തി. തുടർന്ന് 1959 ഏപ്രിൽ 15 ന് 26-ാം വയസിൽ റമ്പാനായി സ്ലീബാ സ്വീകരിച്ചു. 1960 ൽ ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളജിൽ ചേർന്ന് പാസ്റ്ററൽ തിയോളജിയിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടി. ചുരുങ്ങിയ കാലംകൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സഞ്ചരിച്ചു.

അദ്ദേഹത്തെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിരീക്ഷകനായി 1962 ലും 1963 ലും സുറിയാനി സഭയെ പ്രതിനിധീകരിച്ചത് സാഖാ റമ്പാനായിരുന്നു. 1963 നവംബർ 17 ന് പ. യാക്കോബ് തൃതീയൻ ബാവ മൂസലിലെ മെത്രാപ്പോലീത്തയായി മോർ സേവേറിയോസ് സാഖാ എന്ന് നാമകരണം ചെയ്തു വാഴിച്ചു.

1964 ൽ തന്നെ സാഖാ മാർ സേവേറിയോസിനെ ഓറിയന്റൽ ഓർത്തഡോക്സ് കോൺഫറൻസിൽ തെരഞ്ഞെടുക്കപ്പെട്ട 15 ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായി സംബന്ധിച്ചു.

## മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുക്കൽ

മോർ സേവേറിയോസിന്റെ എപ്പിസ്കോപ്പൽ ജീവിതത്തിലെ ഏറ്റവും പ്രാധാന്യമുള്ള സംഭവമാണ് മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെടുത്തത്. മൂസലിലെ മാർത്തോമ്മ ശ്ലീഹായുടെ ഭദ്രാസന ദൈവാലയത്തിന്റെ പുനർനിർമാണ സമയത്ത് 1964 സെപ്റ്റംബർ ഒന്നിന് പരി. മദ്ബഹായുടെ ഭിത്തിയിൽ നിന്നും മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ (അസ്ഥി) കണ്ടെടുക്കാനായി. അത് പരി. മാർത്തോമ്മാ ശ്ലീഹായുമായി ആത്മബന്ധം ഉണ്ടാകാൻ പ്രേരണയായി.

1969 ൽ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന ബഹനാം കാലം ചെയ്യുകയും മോർ സാഖായെ ബാഗ്ദാദിലെ (ഇറാഖ്) ആർച്ച് ബിഷപ്പായി നിയമിച്ചു. ഇവിടെയും നിവരധി പള്ളികളും സ്കൂളുകളും പണിതുയർത്തി.

## പണ്ഡിതനായ വാഗ്മി

സാഖാ ബാവ 1964 ൽ ഓറിയന്റൽ ആൻഡ് ഈസ്റ്റേൺ ഓർത്തഡോക്സ് തിയോളജിക്കൽ തമ്മിലുള്ള കൺസൾട്ടേഷൻ കൺവൻഷനിലും 1970 ജനീവയിലെ പ്രോഓറിയന്റെയിലും പങ്കെടുത്തു. 1972-73 ൽ പ്രസംഗങ്ങളും പ്രബന്ധങ്ങളും അവതരിപ്പിക്കുകയും 1976 ൽ ഫെല്ലോഷിപ്പ് ലഭിക്കുകയും ചെയ്തു. ആദ്യമായി ഒരു സുറിയാനി ഓർത്തഡോക്സ് മെത്രാപ്പോലീത്തയ്ക്ക് കിട്ടുന്ന അപൂർവ്വ ബഹുമതി. അവിടത്തെ സെന്റ് സ്റ്റീഫൻ കത്തീഡ്രലിൽ റോമൻ കത്തോലിക്കാ സഭയിലെ പ്രഗത്ഭരായ കർദ്ദിനാളന്മാരുടെയും ബിഷപ്പുമാരുടെയും മദ്ധ്യത്തിൽ പ്രസംഗിക്കുവാൻ കിട്ടിയ സന്ദർഭം.

1975 ൽ നെയ്റോബിയിൽവച്ച് ഡബ്ലിയു.സി.സി. (വേൾഡ് ക്രിസ്ത്യൻ കൗൺസിൽ) ലെ സെൻട്രൽ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും പാത്രിയാർക്കീസായി തെരഞ്ഞെടുക്കപ്പെടുന്നതുവരെ തുടരുകയും ചെയ്തു. 1978 ൽ അദ്ദേഹത്തിന് ഓസ്ട്രേലിയ ഭദ്രാസനത്തിന്റെ അധിക ചുമതല നൽകുകയും സിഡ്നിയിലും മെൽബണിലും പുതിയ കോൺഗ്രിഗേഷൻ സ്ഥാപിച്ചു.

## പാത്രിയർക്കീസ് ബാവ

1980 ജൂൺ 25 ന് പരി. യാക്കോബ് തൃതീയൻ ബാവ കാലം ചെയ്തു. 1980 ജൂലൈ 11 ന് അന്നത്തെ ശ്രേഷ്ഠ കാതോലിക്കയായിരുന്ന ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ അധ്യക്ഷതയിൽ സുന്നഹദോസ് കൂടി പത്രോസിന്റെ ശ്ലൈഹിക സിംഹാസനാധിപതിയുമായി തെരഞ്ഞെടുത്തു.

1980 സെപ്റ്റംബർ 14 ന് സ്ലീബാ പെരുന്നാൾ ദിനത്തിൽ ദമാസ്കസിലുള്ള സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് ശ്രേഷ്ഠ കാതോലിക്ക ബാവയുടെ പ്രധാന കാർമികത്വത്തിൽ (ഇദം പ്രഥമമായി ഭാരതീയനായ പ്രധാന കാർമ്മികൻ പാത്രിയാർക്കീസ് സ്ഥാനാഭിഷേകത്തിന് നേതൃത്വം നൽകി) പാത്രിയാർക്കീസ് ബാവായായി ഇഗ്നാത്തിയോസ് സാഖാ ഈവാസ് പ്രഥമൻ എന്ന സ്ഥാനപ്പേരിൽ സ്ഥാനരോഹണം ചെയ്യപ്പെട്ടു. 47-ാം വയസിൽ. അത് സുറിയാനി സഭയുടെ ചരിത്രത്തിൽ സുപ്രധാന നാഴികക്കല്ലായി.

## ബാവായുടെ ഭരണകാലം

പരി. പിതാവിന്റെ ഭരണകാലം സഭയുടെ സുവർണകാലമെന്നും എക്കാലവും അറിയപ്പെടും. ബാവായുടെ ദീർഘവീക്ഷണവും കുശാഗ്രബുദ്ധിയും ദൈവാശ്രയവും ദമാസ്കസിലെ മറാത്ത് സെയ്ദ്നായ കുന്നിൻ മുകളിലെ സെന്റ് അപ്രേം തിയോളജിക്കൽ സെമിനാരി പത്രോസ് പൗലോസ് ശ്ലീഹന്മമാരുടെ നാമത്തിലുള്ള കത്തീഡ്രൽ, സെന്റ് അപ്രേം പാത്രിയാർക്കൽ ഹാൾ (കോൺഫറൻസ്) എന്നിവ സുപ്രധാനമാണ്.

സഖാ ബാവ 1964 ലും (യാക്കോബായ തൃതീയൻ ബാവായുടെ സെക്രട്ടറിയായി) 1982, 2002, 2004, 2008 ലും ഇന്ത്യയിൽ വന്നപ്പോഴെല്ലാം സർക്കാർ അതിഥിയായിരുന്നു. 1982 ൽ മണർകാട് പള്ളിയിൽവച്ചും 2004 ൽ കോതമംഗലം മാർ തോമൻ പള്ളിയിൽവച്ചും മൂറോൻ കൂദാശ നടത്തി.

## ബാവായുടെ സുപ്രധാന പ്രഖ്യാപനങ്ങൾ

ബാവായുടെ സുപ്രധാന കൽപന വഴിയായി സുറിയാനി സഭയുടെ പള്ളിയില്ലാത്ത സ്ഥലത്ത് 1984 ൽ കാത്തോലിക്ക സഭയുമായി വി. കുർബാന, കുമ്പസാരം, രോഗീലേപനം എന്ന കൂദാശകൾ കൈക്കൊള്ളാൻ അനുവദിച്ചു. 1987 ഡിസംബർ 21 ന് നാലാം തുബ്ദേനിൽ മർത്തോമാശ്ലീഹായുടെ പേര് ഓർക്കാനും അഞ്ചാം തുബ്ദേനിൽ മഞ്ഞനിക്കര ബാവയുടേയും കോതമംഗലത്ത് ബാവായുടേയും പരുമലതിരുമേനിയുടേയും പേരുകൾ ഓർക്കാനും അനുവാദം നൽകി.

2000 ൽ വടക്കൻ പറവൂർ പള്ളിയിൽ കാലം ചെയ്ത യരുശലേം പാത്രിയർക്കീസ് മോർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ, കുന്നുകുളത്ത് കാലം ചെയ്ത സ്ലീബാ മാർ ഒസ്താത്തിയോസ് ബാവായെയും പരിശുദ്ധരായി പ്രഖ്യാപിച്ചു. അതാതു പള്ളികളിലെ അഞ്ചാം തുബ്ദേനിൽ ഓർക്കാനും അനുവദിച്ചു.

2004 ൽ രണ്ടാമത്തെ മുളന്തുരുത്തി സുന്നഹദോസിൽവച്ച് സുപ്രധാന പ്രഖ്യാപനങ്ങൾ നടത്തി. ആലുവായിലെ വലിയ തിരുമേനിയേയും പരിശുദ്ധനായി പ്രഖ്യാപിച്ചു. അനേകം പള്ളികളെ കത്തീഡ്രലായി ഉയർത്തി. ബാവായാണ് ഏറ്റവും കൂടുതൽ മലങ്കരയും വിദേശരാജ്യങ്ങളും സന്ദർശിച്ചത്. ഇംഗ്ലീഷിലും അറബിയിലും സുറിയാനിയിലുമായി 26 ൽപരം ഗ്രന്ഥങ്ങൾ ബാവ എഴുതിയിട്ടുണ്ട്.

പത്രോസ് ശ്ലീഹായുടെ 122-ാം പിൻഗാമിയാണ് പ്രമുഖ വേദശാസ്ത്രജ്ഞനും മഹാപുരോഹിതനും എക്യുമെനിസത്തിന്റെ വക്താവുമായ ബാവ. 1990 ൽ കെനിയയിൽവച്ച് നടന്ന ജനറൽ അസംബ്ലിയിൽ ഡബ്ലിയു.സി.സിയുടെ നാലു പ്രസിഡന്റുമാരിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ടു.





പ. പാത്രിയർക്കീസ് ബാവയുടെ കുടുംബം



പ. പാത്രിയർക്കീസ് ബാവ ചെറുപ്പകാലം



പ. പാത്രിയർക്കീസ് ബാവ ശെമ്മാശ്ശനായിരുന്നപ്പോൾ



പ. പാത്രിയർക്കീസ് ബാവ റമ്പാനായിരുന്നപ്പോൾ



പ. പാത്രിയർക്കീസ് ബാവ മെത്രാപ്പോലീത്തയായിരുന്നപ്പോൾ

# Our Eternal Father

Source: http://www.syrianchurch.org/PZakka/HH.htm
John Philip Kottapparambil
http://SyriacChristianity.org
http://SyrianChurch.org
(Malankara Syriac Christian Resources)



